കേരള സർക്കാർ

# എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പ്

# ഭരണ റിപ്പോർട്ട്

# 1992-93

©
കേരള സർക്കാർ
1994

മണ്ണന്തല ഗവൺമെൻറ് പ്രസ്സിൽനിന്നും ഗവൺമെൻറ് പ്രസ്സുകളുടെ
സൂപ്രണ്ടിനാൽ അച്ചടിപ്പിക്കപ്പെട്ടത്—1994

## കേരള സർക്കാർ

### സംഗ്രഹം

### എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പിൻെറ 1992-93-ലെ ഭരണ റിപ്പോർട്ട് പ്രത്യവലോകനം ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ്

ജി.ഒ. (ആർടി.) 377/94/പ്ലാനിംഗ്.

തിരുവനന്തപുരം, തീയതി, 1994 ആഗസ്ററ് 16.

---

പരാമർശം: 26-4-1994-ലെ എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പ് ഡയറക്ടറുടെ പി. ബി. (1) 2619/90/ഡിഇഎസ്. നമ്പർ കത്ത്.

### ഉത്തരവ്

1. രേഖപ്പെടുത്തി.

2. റിപ്പോർട്ട് വർഷത്തിൽ 30-11-1992 വരെ ശ്രീമതി എസ്. രത്നാഭായി അമ്മാളും 28-2-1993 വരെ ശ്രീ. കെ. അച്ചുതനും തുടർന്ന് ഡോ. എം. കുട്ടപ്പനും ഡയറക്ടർമാരായിരുന്നു.

3. വകുപ്പിൻെറ വിവിധ പ്രവർത്തനങ്ങൾ:

ടൈമ്ലി റിപ്പോർട്ടിംഗ് സർവ്വേ പദ്ധതി (ഇറാസ്).—സംസ്ഥാനത്തെ പ്രധാന കാർഷിക വിളകൾ, കൃഷി ചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതി, ഭൂവിനിയോഗ വിവരങ്ങൾ, ജലസേചനം, വിളകളുടെ ഉല്പാദനം, ഉല്പാദന നിരക്ക് എന്നിവ സൂക്ഷ്മമായി തിട്ടപ്പെടുത്തുന്നതിനുവേണ്ടി 1975-76-ൽ കേന്ദ്ര ഗവൺമെൻറിൻെറ സഹായത്തോടുകൂടി ആരംഭിച്ച ഈ പദ്ധതിയനുസരിച്ച് കേരളത്തിലെ എല്ലാ വില്ലേജുകളിലും പൂർണ്ണമായി സർവ്വേ നടത്തുവാൻ ഉദ്ദേശിക്കുന്നു. 1987-88 മുതൽ 1990-91 വരെയുള്ള സർവ്വേ റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു.

4. കൃഷിയുടെ സ്ഥിതിവിവരക്കണക്കുകളുടെ പ്രവചന റിപ്പോർട്ട് തയ്യാറാക്കൽ.—സംസ്ഥാനത്തെ പ്രധാന വിളകൾ കൃഷിചെയ്യുന്ന സ്ഥലത്തിൻെറ ഏകദേശ വിസ്തൃതിയും ഉല്പാദനവും മുൻകൂട്ടി കണക്കാക്കുന്ന പ്രക്രിയ അനുസരിച്ച് 1991-92-ലെ വിവിധ വിളകളുടെ പ്രവചന റിപ്പോർട്ട് തയ്യാറാക്കി ഭാരത സർക്കാരിനും മററ് ബന്ധപ്പെട്ട അധികാരികൾക്കും അയച്ചു കൊടുത്തു.

5. കാർഷിക സെൻസസ് വിഭാഗം.—കേന്ദ്ര ഗവൺമെൻറിൻെറ സമ്പൂർണ്ണ സാമ്പത്തിക സഹായത്തോടെ അഞ്ചുവർഷത്തിലൊരിക്കൽ നടത്തുന്ന കാർഷിക സെൻസസിൻെറ 1985-86-ലെ ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമുള്ള പട്ടിക തയ്യാറാക്കി കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തു.

6. കൃഷി ചെലവ് സർവ്വേ വിഭാഗം.—1992-93 കാർഷിക വർഷത്തിലെ നെല്ല്, തെങ്ങ്, കമുക്, കുരുമുളക്, മരച്ചീനി എന്നീ മുഖ്യ വിളകളേയും കൈതച്ചക്ക, വെററില എന്നീ ഉപവിളകളേയും സംബന്ധിച്ച കൃഷിച്ചെലവ് സർവ്വേ സംസ്ഥാനത്തെ 38 താലൂക്കുകളിൽ നടന്നുവരുന്നു.

7. സർവ്വേ ആൻറ് സ്ററഡീസ് വിഭാഗം.—റിപ്പോർട്ടു വർഷത്തിൽ സ്പൈസസ് ബോർഡിൻെറ ആവശ്യാനുസരണം ഗ്രാമ്പൂ, ജാതി, കുരുമുളക് തുടങ്ങിയ കാർഷിക വിളകളെക്കുറിച്ചുള്ള കൃഷി ചെലവു സർവ്വേ നടത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി.

8. സംസ്ഥാന വരുമാന നിർണയ വിഭാഗം.—സംസ്ഥാനത്തിൻെറ വരുമാന നിർണ്ണയത്തിനാവശ്യമായ വിവരങ്ങൾ ശേഖരിച്ച് സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമുള്ള മൊത്ത വരുമാനം, ആളോഹരി വരുമാനം എന്നിവ തിട്ടപ്പെടുത്തുന്ന പ്രവർത്തനങ്ങൾ തുടർന്നു.

9. പ്രൈസസ് ഡിവിഷൻ.—ആവശ്യ സാധനങ്ങളുടെ ദൈനംദിനവില എല്ലാ ജില്ലകളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് സർക്കാരിനും വിവിധ ഏജൻസികൾക്കും നൽകിവരുന്നു. തെരഞ്ഞെടുക്കപ്പെട്ട 15 കേന്ദ്രങ്ങളിലെ ഉപഭോക്തൃ വിലസൂചിക എല്ലാ മാസവും തയ്യാറാക്കി ഗസററിൽ വിജ്ഞാപനം ചെയ്തു വരുന്നു.

10. വന വിഭവങ്ങളുടെ വില ശേഖരിക്കൽ.—18 ഇനം വന വിഭവങ്ങളുടെ വില ശേഖരിച്ച് സൂക്ഷ്മ പരിശോധന നടത്തി ക്രോഡീകരിച്ച് വനം വകുപ്പിന് നൽകിവരുന്നു.

11. മാർക്കററ് ഇൻറലിജൻസ് പദ്ധതി.—കമ്പോളനിലവാരം, കമ്പോള വരവ് എന്നിവയെപ്പററിയുള്ള വിവരങ്ങൾ പ്രാഥമിക ഉല്പാദകർക്ക് കൃത്യ സമയത്ത് എത്തിച്ചുകൊടുക്കുന്നു. പ്രധാന കാർഷിക വിഭവങ്ങളുടെ കമ്പോള നിലവാരാവലോകനം എല്ലാ ഞായറാഴ്ചയും പ്രക്ഷേപണം ചെയ്യുന്നതിനു വേണ്ട റിപ്പോർട്ട് കൃത്യമായി ആകാശവാണിക്ക് നൽകുന്നു.

12. അരിയുടെ തുറന്ന കമ്പോളവിലയെക്കുറിച്ചുള്ള പ്രതിദിന റിപ്പോർട്ട്.—എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും നിലവിലുള്ള അരിയുടെ പരസ്യ കമ്പോളവിലയെക്കുറിച്ചുള്ള പ്രതിദിന റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിനും സംസ്ഥാന റവന്യൂ ബോർഡിലെ സിവിൽ സപ്ലൈസ് അധികൃതർക്കും അയച്ചുകൊടുക്കുന്നു.

13. ഇൻഡക്സ് സീരീസ് വിഭാഗം (കാർഷിക ധന സംബന്ധം).—കാർഷിക ഉല്പന്നങ്ങളുടെ മൊത്തവില സൂചിക, കാർഷിക വിഭവങ്ങളിൽ നിന്നുള്ള വരുമാനവും അവയ്ക്കുവേണ്ടിവരുന്ന ചെലവും തമ്മിലുള്ള താരതമ്യ പഠന സൂചിക, കാർഷിക വേതന സൂചിക, കാർഷിക മേഖലയെ സംബന്ധിച്ച് 7 സൂചികകൾ എന്നിവ തയ്യാറാക്കി വരുന്നു.

14. ജനസംഖ്യാ പഠന വിഭാഗം.—കേരളത്തിലൊട്ടാകെയുള്ള ജനന മരണ സ്ഥിതിവിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ജോലി തുടർന്നു. ഇതിന്റെ ഭാഗമായി സിവിൽ രജിസ്ട്രേഷൻ വിവരങ്ങൾ ശേഖരിക്കുക, സ്പോട്ട് സർവ്വേ, പട്ടണ പ്രദേശങ്ങളിലെ സ്ഥിര താമസക്കാരുടെ ജനനമരണ നിരക്കുകളെപ്പററിയുള്ള പഠനം, മരണ കാരണങ്ങൾ വ്യക്തമാക്കുന്ന മെഡിക്കൽ ഓഫീസർമാരുടെ സർട്ടിഫിക്കററിൻമേലുള്ള പഠനം, മരണ കാരണങ്ങളെപ്പററിയുള്ള ഗ്രാമപ്രദേശ സർവ്വേ, സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി എന്നിവ നടന്നു.

15. മററു സ്ഥിതിവിവരക്കണക്കുകൾ.—വ്യവസായ സ്ഥിതിവിവരകണക്കുകൾ, തൊഴിൽ സ്ഥിതിവിവരകണക്കുകൾ, ഭവന നിർമ്മാണം, വേതന ഘടന സർവ്വേ എന്നിവ തയ്യാറാക്കുന്ന ജോലികൾ നടക്കുകയുണ്ടായി.

16. വ്യവസായ ഉല്പാദന സൂചിക.—വ്യവസായ ഉല്പാദന സൂചിക കയററുമതി ഇറക്കുമതി റിപ്പോർട്ടുകൾ, വ്യവസായ ഉല്പന്ന മൊത്ത വിലനിലവാര സൂചിക എന്നിവ തയ്യാറാക്കി വാർഷിക റിപ്പോർട്ടുകളായി പ്രസിദ്ധീകരിക്കുന്നത് തുടർന്നു.

17 ഇവാല്യുവേഷൻ വിഭാഗം.—മണ്ണുസംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠനം തുടർന്നു വരുന്നു.

18. ദേശീയ സാമ്പിൾ സർവ്വേ.—ആസൂത്രണത്തിനും ഭരണപരമായ ആവശ്യങ്ങൾക്കും രാജ്യത്തിന്റെ സാമൂഹ്യ-സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സർവ്വേ റിപ്പോർട്ടു വർഷത്തിലും തുടർന്നു.

19. സർവ്വീസ് വിഭാഗങ്ങൾ.—മെക്കാനിക്കൽ ടാബുലേഷൻ യൂണിററ്, പ്ലാനിംഗ് വിഭാഗം, ഔദ്യോഗിക ഭാഷാ വിഭാഗം, ഏകോപനസമിതി വിഭാഗം, എന്നിവ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവച്ചു. പ്രസിദ്ധീകരണ വിഭാഗം 9 റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയുണ്ടായി.

20. ചെലവ്.—റിപ്പോർട്ട് വർഷത്തിൽ 618.56 ലക്ഷം രൂപ ചെലവഴിച്ചു.

21. 1992-93-ലെ വകുപ്പിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമായിരുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ. കെ. പരമേശ്വരൻ,

അഡീഷണൽ സെക്രട്ടറി.

# ആമുഖം

| | | |
|---|---|---|
| വകുപ്പ് മന്ത്രി | : | ശ്രീ. കെ. കരുണാകരൻ (മുഖ്യമന്ത്രി) |
| വകുപ്പ് സെക്രട്ടറി | : | ശ്രീ. കെ. വി. നമ്പ്യാർ (ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്) |
| വകുപ്പ് അദ്ധ്യക്ഷൻ | : | ഡോ. എം. കുട്ടപ്പൻ |
| അഡീഷണൽ ഡയറക്ടർമാർ | : | ശ്രീമതി സി. സൈനബ |
| | | ശ്രീ. കെ. പി. മാധവകുറുപ്പ് |
| | | ശ്രീ. യു. തോമസ് സ്ലീബാ |

കേരളത്തിലെ സ്ഥിതിവിവരക്കണക്കുകളുടെ മുഖ്യ സ്രോതസ്സായ ഈ വകുപ്പ് 1951-ൽ ബോർഡ് ഓഫ് സ്ററാററിസ്ററിക്സ് ആയും 1954-ൽ സ്ററാററിസ്ററിക്സ് ഡിപ്പാർട്ടുമെൻറ് എന്ന ഒരു പ്രത്യേക വകുപ്പായും രൂപം കൊണ്ടു. തുടർന്ന് 1963-ൽ ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് എന്ന പേരിൽ സാമ്പത്തിക സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കേണ്ട ഒരു മേജർ വകുപ്പായി മാറി. ഇപ്പോൾ ഡിപ്പാർട്ടുമെൻറ് ഓഫ് എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് ആയി പ്രവർത്തിച്ചുവരുന്നു. സാമ്പത്തിക സ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ചിടത്തോളം അവയുടെ സ്വരൂപിക്കൽ, ക്രമീകരിക്കൽ, അപഗ്രഥനം എന്നീ മേഖലകളിൽ സംസ്ഥാനത്തെ മുഖ്യഘടകമായി നിലകൊള്ളുന്നു. സ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ചുള്ള പരാമർശങ്ങൾക്ക് സർക്കാരിൻെറ ഒരു ഉപദേശക ഘടകമായും പ്രവർത്തിക്കുന്നു.

സംസ്ഥാനത്തിൻെറ സാമ്പത്തിക സ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ച ആധികാരികമായ റിപ്പോർട്ടുകൾ വിശകലനം ചെയ്ത് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും മററു സാമ്പത്തിക കേന്ദ്രങ്ങൾക്കും അയച്ചു കൊടുക്കുന്നതും ഈ വകുപ്പിൻെറ ചുമതലയിൽപ്പെടുന്നു. തൻമൂലം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ ഈ വകുപ്പ് പ്രധാന പങ്കുവഹിക്കുന്നു.

# സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ 1992-93 വർഷത്തെ ഭരണ റിപ്പോർട്ട്

## ഔദ്യോഗിക ഘടന

### ഡയറക്ടർ:

റിപ്പോർട്ടുവർഷത്തിൽ ഡയറക്ടറായിരുന്ന ശ്രീമതി എസ്. രത്നാഭായി അമ്മാൾ റിട്ടയർ ചെയ്യുന്നതിനുമുന്നോടിയായി 1-12-1992 മുതൽ ഒരു മാസത്തെ അവധിയിൽ പ്രവേശിച്ചു. 1-12-1992-ലെ പ്ലാനിംഗ് ജി. ഒ. (ആർ. ടി.) 466/92/പ്ലാനിംഗ് നമ്പർ ഉത്തരവുപ്രകാരം ശ്രീ. കെ. അച്ചുതൻ 1-12-1992 മുതൽ അഡീഷണൽ ഡയറക്ടർ ഇൻചാർജ്ജായി പ്രവർത്തിക്കുകയും 4-1-1993-ലെ ജി. ഒ. (എം. എസ്.) 1/93/പി. എൽ. ജി. നമ്പർ പ്ലാനിംഗിലെ ഉത്തരവുപ്രകാരം ഡയറക്ടറായി പൂർണ്ണ ചുമതലയേൽക്കുകയും ചെയ്തു. 28-2-1993-ൽ അദ്ദേഹം സർവ്വീസിൽ നിന്നും വിരമിച്ചു.

ശ്രീ. കെ. അച്ചുതൻ സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്ന് ഡോ. എം. കുട്ടപ്പൻ പ്ലാനിംഗിലെ ജി. ഒ. (എം. എസ്.) 4/93/പി. എൽ. ജി. നമ്പരിലുള്ള 23-3-1993-ലെ ഉത്തരവുപ്രകാരം വകുപ്പദ്ധ്യക്ഷനായി നിയമിതനായി. അദ്ദേഹം ഇപ്പോഴും ഈ തസ്തികയിൽ തുടർന്നു വരികയും ചെയ്യുന്നു.

### സ്പെഷ്യൽ ഡയറക്ടർ:

റിപ്പോർട്ടു വർഷത്തിൽ 30-11-1992 വരെ ശ്രീ. കെ. അച്ചുതൻ സ്പെഷ്യൽ ഡയറക്ടറായി തുടർന്നു.

എക്കണോമിക്സ് സെൻസസ് 30-11-1992-ൽ അവസാനിച്ചതിനാൽ സ്പെഷ്യൽ ഡയറക്ടർ തസ്തിക നിറുത്തലായി.

### അഡീഷണൽ ഡയറക്ടർ:

1. ഡോക്ടർ എം. കുട്ടപ്പൻ (28-2-1993 വരെ)
2. ശ്രീമതി സി. സൈനബാ
3. ശ്രീ. കെ. പി. മാധവക്കുറുപ്പ്
4. ശ്രീ. പി. വൈ. ജേക്കബ്

### അഡ്മിനിസ്ട്രേററീവ് ഓഫീസർ:

റിപ്പോർട്ടു വർഷത്തിൽ ശ്രീ. കെ. വി. രാധാകൃഷ്ണൻ അഡ്മിനിസ്ട്രേററീവ് ഓഫീസറായി തുടർന്നു.

ജോയിൻറ് ഡയറക്ടർ:

1. ശ്രീ. പി. വൈ. ജേക്കബ് (6-8-1992 മുതൽ)
2. ശ്രീ. പി. മീരാസാഹിബ്
3. ശ്രീ. പി. എം. കുമാരൻ (5-8-1992)
4. ശ്രീമതി എം. എസ്. വത്സല (13-12-1991 മുതൽ 29-2-1992 വരെ)
5. ശ്രീമതി ഇന്ദിര (22-5-1993 മുതൽ)
6. ശ്രീ. കെ. മോഹൻദാസ് (16-9-1992 മുതൽ)
7. ശ്രീമതി രാജിപ്രസാദ് (18-12-1992 മുതൽ)
8. ശ്രീ. സി. അപ്പുകുട്ടൻപിളള (21-12-1992 മുതൽ)

ഡെപ്യൂട്ടി ഡയറക്ടർ:

1. ശ്രീ. സി. അപ്പുകുട്ടൻപിളള (20-12-1992 വരെ)
2. ശ്രീ. പി. ഗോപിനാഥൻനായർ
3. ശ്രീ. സി. പെറിയാൻകുഞ്ഞ്
4. ശ്രീ. ടി. ടി. മൈക്കിൾ
5. ശ്രീ. സി. പി. ഗോപിനാഥൻ നായർ
6. ശ്രീ. കെ. നാരായണൻ
7. ശ്രീ. വി. വത്സൻ
8. ശ്രീ. ബി. മോഹനകുമാരൻ നായർ
9. ശ്രീ. വി. ജെ. ഐസക്ക്
10. ശ്രീ. വി. കെ. ശശിധരൻ
11. ശ്രീ. എം. പി. സതീശൻ
12. ശ്രീ. സി. പി. രാജേന്ദ്രൻ
13. ശ്രീമതി കെ. രാധമ്മ
14. ശ്രീമതി എ. ശ്യാമളാദേവി
15. ശ്രീ. സി. ജെ. ഗോപാലകൃഷ്ണൻ നായർ
16. ശ്രീമതി. പി. ഡി. മറിയാമ്മ
17. ശ്രീ. ടി. ഒ. ജോൺ
18. ശ്രീമതി ലീലാമ്മാ നീലകണ്ഠൻ
19. ശ്രീമതി ഷൈലജാഗോപാൽ (16-5-1992 വരെ)
20. ശ്രീ. കെ. അശോകൻ
21. ശ്രീ. എം. സി. കുഞ്ഞുമ്മൻ

അസിസ്ററൻറ് ഡയറക്ടർ:

1. ശ്രീ. എം. എൻ. പത്മനാഭൻനായർ
2. ശ്രീമതി വി. ചന്ദ്രികാദേവി
3. ശ്രീമതി എൻ. ശാന്തകുമാരി
4. ശ്രീ. വി. ബാലകൃഷ്ണൻ നായർ
5. ശ്രീ. കെ. ഗോപാലകൃഷ്ണൻ നായർ
6. ശ്രീ. വി. സുരേന്ദ്രൻപിളള
7. ശ്രീ. എൻ. വിജയൻ
8. ശ്രീമതി ജെ. വിജയമ്മ
9. ശ്രീമതി കുമാരിവത്സല

10. ശ്രീ. എൻ. ഗോപാലകൃഷ്ണകൈമൾ
11. ശ്രീമതി വി. ജി. സരോജിനി അമ്മ
12. ശ്രീമതി ആർ. സരള

ഡിസ്ട്രിക്റ്റ് ഓഫീസർ:

1. ശ്രീ. കെ. ടി. സക്കറിയ (31-12-1992 വരെ)
2. ശ്രീ. ഡി. ലൂക്കോസ്
3. ശ്രീ. എം. ചന്ദ്രശേഖരൻനായർ (31-7-1992 വരെ)
4. ശ്രീ. കെ. കെ. രാഘവക്കുറുപ്പ്
5. ശ്രീ. സി. വി. രാമചന്ദ്രൻനായർ (31-7-1992 വരെ)
6. ശ്രീമതി എം. പി. ഈശ്വരി അമ്മ
7. ശ്രീ. എ. മുഹമ്മദ് ബഷീർ
8. ശ്രീ. കെ. രാജപ്പനാശാരി
9. ശ്രീ. ബി. ഗിരിവാസ്റാവു (9-3-1993 വരെ)
10. ശ്രീ. ഡി. കെ. ജയൻ
11. ശ്രീ. എസ്. വേണുകുമാർ (31-7-1992 വരെ)
12. ശ്രീമതി കെ. സൈനബാബീവി (30-9-1992 വരെ)
13. ശ്രീമതി ടി. എം. ഹെലൻവൈലററ് (30-9-1992 വരെ)
14. ശ്രീമതി എസ്. ശാന്തകുമാരി അമ്മ
15. ശ്രീമതി എസ്. ജയലക്ഷ്മി അമ്മ (1-9-1992 മുതൽ)
16. ശ്രീ. ജി. സോമൻ (30-9-1992 മുതൽ 28-2-1993 വരെ)
17. ശ്രീ. വി. സി. രാമൻ (10-11-1992 മുതൽ)
18. ശ്രീ. കെ. വി. വിജയരാഘവൻ (10-3-1993 മുതൽ)

റീജിയണൽ സ്ററാററിസ്ററിക്കൽ ഓഫീസർ:

1. ശ്രീമതി ബേബി പത്മജ (31-1-1993)
2. ശ്രീ. നെൽസൺഡാനിയൽ (30-9-1992 വരെ)
3. ശ്രീ. ബി. ഗിരിവാസറാവു (10-3-1993 മുതൽ)
4. ശ്രീമതി എ. കെ. ഭാരതി
5. ശ്രീമതി കെ. സൈനബാബീവി (1-10-1992 മുതൽ)

അഡ്മിനിസ്ട്രേററീവ് അസിസ്ററൻറ്:

1. ശ്രീമതി വി. എസ്. ജാനകി
2. ശ്രീ. എം. ഭാഷ്യം (1-3-1993 മുതൽ)
3. ശ്രീ. പി. കെ. നാണു
4. ശ്രീ. സി. ജയപാൽ (21-4-1992 മുതൽ 28-2-1993 വരെ)
5. ശ്രീ. കെ. ഖാലിദ് (20-4-1992 വരെ)

## സർവ്വേ–പഠന പ്രവർത്തനങ്ങൾ

ടൈമിലി റിപ്പോർട്ടിംഗ് സർവ്വേ പദ്ധതി (ഇറാസ്).—ഈ സർവ്വേ കേന്ദ്ര ഗവൺമെൻറിൻെറ സഹായത്തോടുകൂടി 1975-76 മുതൽ ആരംഭിച്ചു. പ്രധാനപ്പെട്ട കാറ്ഷിക വിളകളുടെ വിസ്തൃതി, ഉല്പാദനം, ഉല്പാദന നിരക്ക്, ജല സേചനം, ഭൂവിനിയോഗ വിവരങ്ങൾ എന്നിവ സൂക്ഷ്മമായി തിട്ടപ്പെടുത്താൻ ഈ സർവ്വേ മുഖാന്തിരം കഴിയുന്നു. 5 വർഷം കൊണ്ട് കേരളത്തിലെ എല്ലാ വില്ലേജുകളിലും പൂർണ്ണമായി സർവ്വേ നടത്തുന്നു. 1981 ജൂണിലും 1986 ജൂണിലുമായി രണ്ടു ഘട്ടങ്ങൾ പൂർത്തിയായി. മൂന്നാംഘട്ടം 1986 ജൂലൈ മാസം ആരംഭിക്കുകയും ഒരു വർഷം നടത്തിയശേഷം അടുത്ത വർഷം (1987-88) മുതൽ സർവ്വേയ്ക്ക് പുതിയ രീതി സ്വീകരിക്കുകയും ചെയ്തു.

കാർഷിക മേഖലയെക്കുറിച്ചുള്ള കണക്കുകൾ ബ്ലോക്കുതലത്തിൽ വേണമെന്ന് ഡേററാ ഉപഭോക്താക്കളുടെ ആവശ്യം, വിള ഇൻഷ്വറൻസ് പദ്ധതി ബ്ലോക്കുതലത്തിൽ നടപ്പിലാക്കേണ്ട ആവശ്യകത എന്നിവ കണക്കിലെടുത്തു മുൻ കാലങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരുന്ന സ്റേററിൻെറ 20 ശതമാനം റവന്യൂ വില്ലേജ് തെരഞ്ഞെടുത്തു സർവ്വേ നടത്തുന്നതിന് പകരമായി 1987-88 മുതൽ സംസ്ഥാനത്തെ എല്ലാ റവന്യൂ വില്ലേജുകളേയും ചേർത്ത് 811 ഇൻവെസ്ററിഗേററർ സോണുകളാക്കി വിവരങ്ങൾ ശേഖരിക്കുന്നു. ഇങ്ങനെ തെരഞ്ഞെടുത്ത 811 സോണുകളിൽ ഓരോ സോണിലും 5 സർവ്വേ/ലിത്തോ സബ് ഡിവിഷൻ വീതം ഉൾക്കൊള്ളുന്ന 100 ക്ലസ്ററുകളിൽ (നിലം, കരയുടെ വിസ്തീർണ്ണത്തിന് ആനുപാതികമായി) നിന്നും വിവരങ്ങൾ ശേഖരിക്കുവാനാണ് നിശ്ചയിച്ചിട്ടുള്ളത്. ഇപ്രകാരം തെരഞ്ഞെടുത്ത നിലം ക്ലസ്ററുകളിൽ 3 പ്രാവശ്യവും (വിരിപ്പു, മുണ്ടകൻ, പുഞ്ച) കരഭൂമികളിൽ 2 പ്രാവശ്യവും സന്ദർശനം നടത്തി കൃഷിചെയ്തിട്ടുള്ള വിളകളുടെ വിവരങ്ങൾ, അത്യുല്പാദന ശേഷിയുള്ള നെൽ കൃഷി ചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതി, ജലസേചനത്തിൻെറ വിവരങ്ങൾ എന്നിവ ശേഖരിക്കുന്നു.

സംസ്ഥാനത്തെ മൊത്തം കാർഷിക സ്ഥിതിവിവരം കണക്കാക്കുന്നതിനായി വിളവെടുപ്പ് പരീക്ഷണങ്ങൾ നടത്തുന്നു. ഉദ്ദേശരഹിത റാൻഡം രീതിയിൽ തെരഞ്ഞെടുത്ത കൃഷി സ്ഥലങ്ങളിൽ വിളവെടുപ്പു പരീക്ഷണം നടത്തുകയും ഇപ്രകാരം നടത്തിയ പരീക്ഷണങ്ങളിൽ നിന്നുള്ള വിവരങ്ങൾ ക്രോഡീകരിച്ച് സംസ്ഥാനത്തിൻെറ മൊത്തം കാർഷിക സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കുന്നു. കാർഷിക വർഷമാണ് (ജൂലൈ മുതൽ ജൂൺ വരെ) ഈ സർവ്വേക്കുവേണ്ടി എടുത്തിട്ടുള്ളത്. 1987-1988 മുതൽ 1990-91 വരെ നടത്തിയ സർവ്വേ റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. 1991-92-ലെ റിപ്പോർട്ടുകൾ തയ്യാറാക്കികൊണ്ടിരിക്കുന്നു.

റിപ്പോർട്ടു വർഷത്തിൽ നാഷണൽ സാമ്പിൾ സർവ്വേ വിഭാഗവും, സംസ്ഥാന കാർഷിക സ്ഥിതിവിവരക്കണക്ക് വിഭാഗവും യോജിച്ച് നെല്ലിനും, മരിച്ചീനിക്കും സമാന്തര പരിശോധനാ പദ്ധതി നടത്തിവരുന്നു. 160 സോണുകളിൽ ഏരിയാ എന്യൂമറേഷനും 160 സോണുകളിൽ വിള പരീക്ഷണങ്ങളും പരിശോധിക്കേണ്ടതുണ്ട്. ഈ രണ്ട് ഏജൻസികളും തുല്യമായി പങ്കിട്ടുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സ്റേററ് സാമ്പിളുകളായ 50 ശതമാനം വില്ലേജുകളിലെ പരിശോധന ഈ വകുപ്പിലെ ഉദ്യോഗസ്ഥൻമാരും, ബാക്കി സെൻട്രൽ സാമ്പിളുകളുടെ (50 ശതമാനം) പരിശോധന

നാഷണൽ സാമ്പിൾ സർവ്വേ ഉദ്യോഗസ്ഥൻമാരും നേരിട്ടും നടത്തുന്നു. 1991-92 വർഷത്തെ സർവ്വേ മുഖാന്തിരം ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി ലഭിച്ചിട്ടുളള സ്ഥിതിവിവരക്കണക്ക് അപഗ്രഥിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

കൃഷിയുടെ സ്ഥിതി വിവരക്കണക്കുകളുടെ പ്രവചന റിപ്പോർട്ട് തയ്യാറാക്കൽ.—സംസ്ഥാനത്തെ പ്രധാന വിളകൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ ഏകദേശ വിസ്തൃതിയും ഉല്പാദനവും മുൻകൂട്ടി കണക്കാക്കുന്ന പ്രക്രിയ അനുസരിച്ച് 1991-92-ലെ വിവിധ വിളകളുടെ പ്രവചന റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റിനും നല്കി. കൂടാതെ റിപ്പോർട്ട് വർഷത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരിന്റെ വിവിധ ആവശ്യങ്ങൾക്കായുളള സ്ഥിതി വിവരകണക്കുകൾ ശേഖരിച്ച് അയച്ചിട്ടുണ്ട്.

1987-88 മുതൽ 1990-91 വരെയുളള ബ്ലോക്കുതല വിവരങ്ങളും ശേഖരിച്ചു കഴിഞ്ഞു.

കാർഷിക സെൻസസ് വിഭാഗം.—കേന്ദ്ര ഗവൺമെന്റിന്റെ സമ്പൂർണ്ണ സാമ്പത്തിക സഹായത്താൽ നടത്തപ്പെടുന്ന സെൻസസിന്റെ ചുമതലയാണ് ഈ വിഭാഗത്തിനുള്ളത്. അഖിലേന്ത്യാതലത്തിൽ 5 വർഷത്തിലൊരിക്കൽ നടത്തപ്പെടുന്ന കാർഷിക സെൻസസ് പ്രകാരം താഴെ പറയുന്ന വിവരങ്ങൾ ശേഖരിക്കുകയും അപഗ്രഥിക്കുകയും ചെയ്യുന്നു.

1. കൈവശാനുഭവ ഭൂമിയുടെ വിസ്തീർണ്ണാടിസ്ഥാനത്തിലുളള വിതരണം.
2. കൈവശാനുഭവ ഭൂമിയുടെ വിനിയോഗാടിസ്ഥാനത്തിലുളള വിതരണം.
3. കൈവശാവകാശത്തിന്റെ സ്വഭാവമനുസരിച്ചുളള വിതരണം.
4. കാർഷിക വിളകളുടെ വിസ്തീർണ്ണം.
5. വിത്ത്, വളം, കീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ, കാർഷിക വായ്പകൾ തുടങ്ങിയ കാർഷികോപാദികളുടെ വിനിയോഗം.

1985-86 (നാലാമത്തെ) കാർഷിക സെൻസസിനെ സംബന്ധിച്ച് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലുമുളള പട്ടികകൾ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. 1986-87-ൽ തുടങ്ങിയ ഇൻപുട്ട് സർവ്വേയുടെ അവസാന പട്ടികകൾ (1 മുതൽ 13 വരെ) 1991 ഫെബ്രുവരി മാസത്തിൽ കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്തിട്ടുണ്ട്. ടി രണ്ടു സർവ്വേകളുടേയും സംസ്ഥാന തലത്തിലുളള റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്.

1990-91 (അഞ്ചാമത്തെ) കാർഷിക സെൻസസിന്റെ ലിസ്റ്റിംഗ് പ്രവർത്തനം അവസാനിച്ചതിനുശേഷം ടേബിൾ ഒന്നു (ക്യൂക്ക് ടാബുലേഷൻ റിപ്പോർട്ട്) തയ്യാറാക്കി 1993 ജനുവരിമാസം കേന്ദ്ര ഗവൺമെന്റിന് അയച്ചു കൊടുത്തിട്ടുണ്ട്. വിശദമായ സർവ്വേ പ്രവർത്തനം എല്ലാ ജില്ലകളിലും നടന്നു വരുന്നു. 1993 മാർച്ചുമാസത്തിൽ തീരുമെന്ന് പ്രതീക്ഷിക്കുന്നു.

1991-92 മുതൽ തുടങ്ങിയ ഇൻപുട്ട് സർവ്വേയുടെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങി വാർഡ് തെരഞ്ഞെടുക്കലും, ഷെഡ്യൂളുകളും അച്ചടിയും ഫീൽഡ് സ്ററാഫിന്റെ പരിശീലനവും കഴിഞ്ഞു.

കൃഷി ചെലവ് സർവ്വേ വിഭാഗം.—1992-93 കാർഷിക വർഷത്തിലെ നെല്ല്, തെങ്ങ്, കമുക്, കുരുമുളക്, മരിച്ചീനി എന്നീ മുഖ്യവിളകളേയും കൈതച്ചക്ക, വെററില എന്നീ ഉപവിളകളേയും സംബന്ധിച്ചുള്ള കൃഷിച്ചെലവ് സർവ്വേ സംസ്ഥാനത്തെ 38 താലൂക്കുകളിൽ നടന്നുകൊണ്ടിരിക്കുന്നു.

റിപ്പോർട്ട് വർഷത്തിൽ 1990-91-ലെ സർവ്വേയുടെ ടാബുലേഷൻ ജോലികൾ പൂർത്തീകരിക്കുകയും റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ഈ കാലയളവിൽ നെല്ല്, തെങ്ങ്, കുരുമുളക്, കമുക്, മരിച്ചീനി, ഏത്തവാഴ എന്നീ വിളകളെ സംബന്ധിച്ച് സർവ്വേ മുഖേന ശേഖരിച്ച വിവരങ്ങൾ പരിശോധന നടത്തി സംസ്ഥാനതലത്തിലുള്ള പട്ടിക തയ്യാറാക്കുന്നതിനുള്ള പ്രാരംഭ ജോലികൾ ആരംഭിക്കുകയും ചെയ്തു.

പൈനാപ്പിളിന്റെ കൃഷി ചെലവിനെ സംബന്ധിച്ചുള്ള ഒരു പ്രത്യേക പഠനം നടത്തിവരുന്നു. തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ നിന്നും കൃഷി ചെലവിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. 1993-94 വർഷത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

സർവ്വേ ആൻറ് സ്ററഡീസ് വിഭാഗം.—സർവ്വേ ആൻറ് സ്ററഡീസ് വിഭാഗം റിപ്പോർട്ട് വർഷത്തിൽ സ്പൈസസ് ബോർഡിന്റെ ആവശ്യാനുസരണം ഗ്രാമ്പൂ, ജാതി, കുരുമുളക് തുടങ്ങിയ കാർഷിക വിളകളെ കുറിച്ചുള്ള കൃഷി ചെലവ് സർവ്വേ നടത്തുന്നതിനുള്ള സ്കീമുകൾ തയ്യാറാക്കി സമർപ്പിക്കുകയുണ്ടായി.

സംസ്ഥാനത്തെ വനിതാ വ്യവസായ യൂണിററുകളുടെ പ്രവർത്തനത്തെക്കുറിച്ചുള്ള ഒരു പഠനം നടത്തുന്നതിനുവേണ്ടി വ്യവസായ വകുപ്പിന്റെ ആവശ്യാനുസരണം സ്കീം തയ്യാറാക്കി അയച്ചുകൊടുക്കുകയുണ്ടായി.

ജനസംഖ്യാ വർദ്ധനവും തൊഴിലില്ലായ്മയുംമൂലം സംസ്ഥാനത്തു നിന്നും ധാരാളം ആളുകൾ ഗാഫ് നാടുകളിലും മററും കുടിയേറിപാർക്കുകയും തിരിച്ചുവരികയും ചെയ്യുന്നുണ്ട്. അവരെക്കുറിച്ചുള്ള വ്യക്തമായ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഒരു കുടിയേററ സർവ്വേ നടത്തുന്നതിനുവേണ്ടി സ്കീം തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചു. ഗവൺമെന്റിന് അനുമതി ലഭിച്ചതിനെത്തുടർന്ന് പ്രസ്തുത സർവ്വേ സംസ്ഥാനത്തുടനീളം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ ഈ വിഭാഗം റിപ്പോർട്ടുവർഷത്തിൽ സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗക്കാർ നടത്തുന്ന വ്യവസായ യൂണിററുകളെക്കുറിച്ചുള്ള ഒരു സർവ്വേ നടത്തുന്നതിനുവേണ്ടി സ്കീം തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിക്കുകയും അനുമതി കിട്ടിയതിനെത്തുടർന്ന് സർവ്വേ തുടങ്ങുന്നതിനുവേണ്ട പ്രാരംഭ ജോലികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന ഫാക്ടറി തൊഴിലാളികളുടേയും പ്ലാന്റേഷൻ തൊഴിലാളികളുടേയും ജീവിതനിലവാരത്തേയും ഉപഭോക്തൃ രീതിയെപ്പററിയും പഠിക്കുന്നതിനായി ഒരു കുടുംബ ബഡ്ജററ് സർവ്വേ സ്കീം തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാന വരുമാന നിർണ്ണയ വിഭാഗം:—കേരള സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലെ വരുമാന നിർണ്ണയത്തിനാവശ്യമായ വിവരങ്ങൾ വിവിധ തലങ്ങളിൽനിന്നും ശേഖരിച്ച് അവ ക്രോഡീകരിച്ച് സംസ്ഥാനത്തിന്റെയും ജില്ലകളുടേയും മൊത്ത വരുമാനവും ആളോഹരി വരുമാനവും തിട്ടപ്പെടുത്തുകയാണ് ഈ വിഭാഗത്തിന്റെ പ്രവർത്തനം.

കാലാകാലങ്ങളിൽ ലഭ്യമാക്കുന്ന കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി മുൻ വർഷങ്ങളിലെ സംസ്ഥാന വരുമാനം പുനർ നിർണ്ണയിക്കുന്നു. ഈ പ്രക്രിയ പ്രസ്തുത റിപ്പോർട്ട് വർഷത്തിലും തുടരുകയുണ്ടായി.

1980-81 അടിസ്ഥാന വർഷമായി കണക്കാക്കിയിട്ടുള്ള പുതിയ പരമ്പരയിൽ 1989-90 വർഷത്തിലെ സംസ്ഥാനത്തിന്റെ മൊത്തം വരുമാനം, ആളോഹരി വരുമാനം എന്നിവ കേന്ദ്രവും സംസ്ഥാനവും തയ്യാറാക്കിയ സ്റ്റേറ്റുമെൻറുകളിൽ 21-9-1992 മുതൽ 25-9-1992 വരെ ന്യൂഡൽഹിയിൽ വെച്ചുനടന്ന ചർച്ചയിൽ ഈ വിഭാഗത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ പങ്കെടുക്കുകയും കേന്ദ്ര നിർദ്ദേശാനുസരണം മൊത്തവരുമാനത്തിലും ആളോഹരി വരുമാനത്തിലും വേണ്ട മാററങ്ങൾ വരുത്തുകയും ചെയ്തു.

കൂടാതെ പുതിയ പരമ്പരയിലെ 1980-81 മുതൽ 1992-93 വരെ സംസ്ഥാനത്തിന്റേയും 1980-81 മുതൽ 1991-92 വരെയുള്ള ജില്ലകളുടേയും മൊത്ത വരുമാനവും ആളോഹരി വരുമാനവും ഇൻഡ്യയിലേയും മററ് സംസ്ഥാനങ്ങളിലേയും മൊത്തവരുമാനവും ആളോഹരി വരുമാനവും എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട് തയ്യാറാക്കുകയും ആയത് പ്രസിദ്ധീകരണത്തിനു വേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

1990-91-ലെ കേരള സർക്കാരിന്റെ ബഡ്ജററിന്റെ സാമ്പത്തിക തരംതിരിക്കൽ കണക്കുകളും മൂലധന സമാഹാരത്തിന്റെ വിവരങ്ങളും പൂർത്തിയാക്കി കേന്ദ്ര സ്ഥിതിവിവരക്കണക്ക് സംഘടനയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

മുനിസിപ്പാലിററികളിലേയും കോർപ്പറേഷനിലേയും 1986-87 മുതൽ 1988-89 വരെയുള്ള വർഷങ്ങളിലെ വരവു-ചെലവ് കണക്കുകളുടെ സാമ്പത്തിക തരംതിരിക്കൽ പൂർത്തിയാക്കി.

പഞ്ചായത്തുകളിലെ 1987-88, 1988-89 എന്നീ വർഷങ്ങളിലെ വരവു-ചെലവു കണക്കുകളുടെ സാമ്പത്തിക തരംതിരിക്കൽ പ്രക്രിയ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

1980-81 മുതൽ 1992-93 വരെയുള്ള മൊത്തവരുമാനവും (അററാദായം) ആളോഹരി വരുമാനവും കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

## 1980-81 മുതൽ 1992-93 വരെയുള്ള മൊത്ത വരുമാനവും (അററാദായം) ആളോഹരി വരുമാനവും

| വർഷം | തനതുവർഷവിലകരം മൊത്തം വരുമാനം (രൂപ ലക്ഷത്തിൽ) | തനതുവർഷവിലകരം ആളോഹരി വരുമാനം (രൂപയിൽ) | അടിസ്ഥാനവർഷവിലകരം മൊത്തം വരുമാനം (രൂപ ലക്ഷത്തിൽ) | അടിസ്ഥാനവർഷവിലകരം ആളോഹരി വരുമാനം (രൂപയിൽ) |
|---|---|---|---|---|
| 1980-81 | 3,82,273 | 1510 | 3,82,273 | 1510 |
| 1981-82 | 4,04,973 | 1575 | 3,77,481 | 1468 |
| 1982-83 | 4,71,150 | 1800 | 3,86,851 | 1478 |
| 1983-84 | 5,52,328 | 2072 | 3,71,168 | 1392 |
| 1984-85 | 6,14,145 | 2261 | 3,94,158 | 1451 |
| 1985-86 | 6,50,341 | 2352 | 4,08,636 | 1478 |
| 1986-87 | 7,35,437 | 2615 | 3,99,297 | 1420 |
| 1987-88 | 8,25,756 | 2888 | 4,16,563 | 1457 |
| 1988-89 | 9,18,172 | 3162 | 4,58,410 | 1578 |
| 1989-90 | 10,66,463 | 3617 | 4,88,947 | 1658 |
| 1990-91 (താൽക്കാലികം) | 12,06,176 | 4032 | 5,19,280 | 1736 |
| 1991-92 (ശീഘ്രകണക്ക്) | 13,54,270 | 4618 | 5,53,256 | 1886 |
| 1992-93 (മുൻകൂർകണക്ക്) | 15,20,661 | 5116 | 5,89,858 | 1984 |

ൈപ്രസസ് ഡിവിഷൻ:—ൈപ്രസസ് ഡിവിഷനിലെ ൈപ്രസസ് (ജനറൽ) ഇൻഡക്സ്, സീരിസ് എന്നീ വിഭാഗങ്ങരം റിപ്പോർട്ടു വർഷത്തിലും തുടർന്നു പ്രവർത്തിച്ചുവരുന്നു. കമ്പോള നിലവാരത്തെ സംബന്ധിച്ചുള്ള ജോലികരം തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള റീജിയണൽ സ്ററാററിസ്ററിക്കൽ ഓഫീസറൻമാരുടെ മേൽനോട്ടത്തിൽ നിർവഹിച്ചുവരുന്നു.

ൈപ്രസസ് ജനറൽ:—അവശ്യസാധനങ്ങളുടെ വില സംസ്ഥാനത്തിലെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽനിന്നും ടെലക്സ്/ടെലിഫോൺ മുഖേന ശേഖരിച്ച് ക്രോഡീകരിച്ച് അടുത്ത ദിവസംതന്നെ ഗവൺമെൻറിലേക്കും വിവിധ ഏജൻസികരക്കും അയച്ചുവരുന്നു.

സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെൻറിൻെറ ആവശ്യപ്രകാരം എല്ലാ ബുധനാഴ്ചയും പതിനഞ്ചിനം അത്യാവശ്യ സാധനങ്ങളുടെ വില തിരുവനന്തപുരം, എറണാകുളം എന്നീ കേന്ദ്രങ്ങളിൽനിന്നും ശേഖരിച്ചു നൽകി വരുന്നു. എല്ലാ മാസവും ജില്ലാ കേന്ദ്രങ്ങളിൽനിന്നും 16 ഇനം അത്യാവശ്യ സാധനങ്ങളുടെ

ചില്ലറ വിലയും 5 ഇനം സാധനങ്ങളുടെ മൊത്തവിലയും ശേഖരിച്ചു സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആവശ്യപ്രകാരം 1992 ഫെബ്രുവരി മാസം മുതൽ നൽകി വരുന്നു.

പച്ചക്കറി, ഇലക്കറി എന്നിവയുടെ ദിനംപ്രതിയുള്ള ചില്ലറ വില തിരുവനന്തപുരം കേന്ദ്രത്തിൽനിന്നും ശേഖരിച്ച് ഹോർട്ടികൾച്ചറൽ പ്രൊഡക്ട്സ് ഡവലപ്പ്മെന്റ് കോർപ്പറേഷന് 1993 മാർച്ചു മുതൽ നൽകി വരുന്നു.

അൻപതിനങ്ങളുടെ ദിവസേനയുള്ള വിലനിലവാരം ക്രോഡീകരിച്ച് ഓരോ മാസത്തേക്കുമുള്ള സ്റ്റേറ്റുമെന്റ് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന് അയച്ചുകൊടുക്കുന്നുണ്ട്.

വിലയുടെ പ്രവണതയെ കാണിക്കുന്ന പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെന്റിലേക്ക് അയയ്ക്കുന്നു. അവശ്യസാധനങ്ങളുടെ വിലവിവരം അവരുടെ പഠനങ്ങൾക്കും റിപ്പോർട്ടുകൾക്കും വേണ്ടി റിസർവ് ബാങ്കിന്റെ വിഭാഗത്തിന് ഈ വകുപ്പിൽനിന്നും നൽകിവരുന്നു.

കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലാ ആസ്ഥാനങ്ങളിൽനിന്നും എല്ലാ വെള്ളിയാഴ്ചത്തേയും അവശ്യസാധനങ്ങളുടെ ചില്ലറ വിലയും എല്ലാ മാസത്തേയും അവസാനത്തെ വെള്ളിയാഴ്ചത്തെ പ്രധാനപ്പെട്ട ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങളുടെ വിലയും ശേഖരിച്ച് സൂക്ഷ്മ പരിശോധന നടത്തി അവ നിർദ്ദിഷ്ട ഫാറങ്ങളിൽ കേന്ദ്ര സർക്കാരിന്റെ കൃഷി മന്ത്രാലയത്തിനുകീഴിൽ പ്രവർത്തിക്കുന്ന ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലേക്ക് അയച്ചുകൊടുത്തു വരുന്നു.

താഴെപ്പറയുന്ന 15 തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ 1970=100 അടിസ്ഥാനവർഷ മാസം ആയിട്ടുള്ള ഉപഭോക്തൃ വില സൂചിക തയ്യാറാക്കി എല്ലാ മാസവും കേരള ഗവൺമെന്റ് ഗസററിൽ വിജ്ഞാപനം ചെയ്തുവരുന്നു.

1. തിരുവനന്തപുരം
2. കൊല്ലം
3. പുനലൂർ
4. ആലപ്പുഴ
5. കോട്ടയം
6. മുണ്ടക്കയം
7. മൂന്നാർ
8. എറണാകുളം
9. ചാലക്കുടി
10. തൃശ്ശൂർ
11. പാലക്കാട്
12 കോഴിക്കോട്
13. മലപ്പുറം
14. മേപ്പാടി
15. കണ്ണൂർ

ഉപഭോക്തൃ വില സൂചിക കാണിക്കുന്ന സ്റ്റേറ്റുമെന്റുകൾ അവയുടെ ഗുണഭോക്താക്കളായ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല, സ്വകാര്യ മേഖല എന്നീ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും അയച്ചുകൊടുത്തുവരുന്നു

1981-82 അടിസ്ഥാന വർഷമാക്കി ഉപഭോക്തൃവില സൂചിക പ്രസിദ്ധം ചെയ്യുന്ന നടപടികളുടെ ഭാഗമായി നിർദ്ദിഷ്ട സാധനങ്ങളുടെ വാരാന്ത്യ വിലകൾ ശേഖരിച്ചുവരുന്നു.

കേന്ദ്രസർക്കാരിന്റെ തൊഴിൽ മന്ത്രാലയത്തിനുകീഴിൽ പ്രവർത്തിക്കുന്ന സിംലയിലെ ലേബർ ബ്യൂറോയ്ക്കുവേണ്ടി ആലുവ, മുണ്ടക്കയം, കൊല്ലം, തിരുവനന്തപുരം എന്നീ കേന്ദ്രങ്ങളിൽ 1982 അടിസ്ഥാന വർഷമായുള്ള വില സൂചിക കണക്കാക്കുവാനുള്ള നിർദ്ദിഷ്ട സാധനങ്ങളുടെ വാരാന്ത്യവിലകൾ ശേഖരിച്ച് അയച്ചുകൊടുത്തുവരുന്നു.

1982 അടിസ്ഥാന വർഷമായി ലേബർ ബ്യൂറോ വ്യാവസായിക തൊഴിലാളികൾക്കുവേണ്ടി പ്രസിദ്ധംചെയ്യുന്ന ഉപഭോക്തൃ വില സൂചിക ആവശ്യപ്പെടുന്ന മുറയ്ക്ക് സർക്കാർ അർദ്ധസർക്കാർ പൊതു-സ്വകാര്യ മേഖല സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയ്ക്കും അയച്ചുകൊടുത്തുവരുന്നു.

അലോപ്പതി, നാട്ടുചികിത്സ, ഹോമിയോ, ജയിൽ, ഇ.എസ്.ഐ., സാമൂഹ്യക്ഷേമം, മൃഗശാല തുടങ്ങിയ വകുപ്പുകൾക്ക് ദർഘാസ് കരാറുകളുടെ തീർപ്പുകൾ സംബന്ധിച്ച് ആവശ്യത്തിനുവേണ്ടി ഭക്ഷ്യസാധനങ്ങളുടെയും കമ്പോള ചില്ലറവില സംസ്ഥാനത്തെ എല്ലാ താലൂക്ക് ആസ്ഥാനങ്ങളിൽനിന്ന് ശേഖരിച്ച് നൽകിവരുന്നു. ഓരോ വകുപ്പിനും ആവശ്യമായ നിർദ്ദിഷ്ട സാധനങ്ങളുടെ കമ്പോളവില റിപ്പോർട്ട് വർഷത്തിൽ ജനുവരി മാസം ശേഖരിച്ച് നൽകിവരുന്നു. പ്രസ്തുത വില വിവരങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസുകൾ, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, മെഡിക്കൽ കോളേജുകൾ, ക്ഷയരോഗാശുപത്രികൾ, കുഷ്ഠരോഗാശുപത്രികൾ, ഇ.എസ്.ഐ. ആശുപത്രികൾ, മാനസികാശുപത്രികൾ, ജയിൽ ഇൻസ്പെക്ടർ ജനറൽ ആഫീസ്, പട്ടാള മേധാവികളുടെ ഓഫീസുകൾ തുടങ്ങിയവയ്ക്ക് അയച്ചുകൊടുത്തുവരുന്നു. കൂടാതെ വില വിവരങ്ങൾ എല്ലാ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും അവയുടെ ആവശ്യാനുസരണം അയച്ചുകൊടുക്കുന്നു.

ആയുർവേദ കോളേജുകളുടെ ആവശ്യപ്രകാരം ആയുർവേദ മരുന്നുകൾ ഉണ്ടാക്കുന്നതിനാവശ്യമായ ഫലങ്ങൾ, ഇലകൾ, വേരുകൾ, ക്ഷാരങ്ങൾ തുടങ്ങി പച്ച മരുന്നുകളുടെ കമ്പോളവിലയും ശേഖരിച്ച് അയച്ചുകൊടുക്കുകയുണ്ടായി.

<u>വനവിഭവങ്ങളുടെ വില ശേഖരിക്കൽ.</u>—18 ഇനം വനവിഭവങ്ങളുടെ വില കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽനിന്നും മാസം തോറും ശേഖരിച്ച് സൂക്ഷ്മ പരിശോധന നടത്തി ക്രോഡീകരിച്ച് ഓരോ ത്രൈമാസത്തിലും ഫോറസ്ററ് ഡിപ്പാർട്ടുമെൻറിലേക്ക് നൽകുന്നു.

<u>മാർക്കററ് ഇൻറലിജൻറ്സ് പദ്ധതി.</u>—കമ്പോള നിലവാരം, കമ്പോള വരവ് എന്നിവയെപ്പററിയുള്ള വിവരങ്ങൾ പ്രാഥമിക ഉല്പാദകർക്ക് കൃത്യസമയത്ത് നൽകുകയെന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശം. പ്രധാനപ്പെട്ട 38 വ്യാപാര കേന്ദ്രങ്ങളിൽ ഈ പദ്ധതി നിലവിലുണ്ട്.

ഈ പദ്ധതിയനുസരിച്ച് വില റിപ്പോർട്ട് ചെയ്യുന്ന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് അതാതു ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാ ഓഫീസർമാരും കോഴിക്കോട്ടും തിരുവനന്തപുരത്തുമുള്ള രണ്ടുറീജിയണൽ സ്ററാററിസ്ററിക്കൽ ഓഫീസർമാരും മേൽനോട്ടം നിർവഹിച്ചുവരുന്നു. ഇടുക്കി, പത്തനംതിട്ട, വയനാട്, കാസർഗോഡ് ഒഴിച്ചുള്ള എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും ചങ്ങനാശ്ശേരി, കൊച്ചി എന്നീ കേന്ദ്രങ്ങളിലും വില ശേഖരിക്കുന്ന പ്രവർത്തനം അതിനുവേണ്ടിമാത്രം നിയമിച്ചിട്ടുള്ള പ്രൈസ് ഇൻസ്പെക്ടർമാർ നിർവഹിച്ചുവരുന്നു.

ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ, കുന്നംകുളം, വളപട്ടണം എന്നിവിടങ്ങളിൽ 4 ഫുൾടൈം പ്രൈസസ് റിപ്പോർട്ടർമാരും ബാക്കി കേന്ദ്രങ്ങളിൽ താലൂക്ക് സ്ററാററിസ്ററിക്കൽ ഓഫീസിലുള്ള ഇൻവെസ്ററിഗേററർമാരും ഈ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു.

തിരുവനന്തപുരം മേഖലയിൽ 27-ം കോഴിക്കോട് മേഖലയിൽ 11-ം കേന്ദ്രങ്ങളിലെ കമ്പോള നിലവാര ബുള്ളററിൻ തയ്യാറാക്കി ദിവസേന ആകാശവാണിയുടെ തിരുവനന്തപുരം കോഴിക്കോട് നിലയങ്ങളിൽകൂടി ഗ്രാമരംഗത്തിലോ, കാർഷിക രംഗത്തിലോ പ്രക്ഷേപണം ചെയ്തുവരുന്നു.

<u>പ്രതിവാര കമ്പോള നിലവാര അവലോകനം.</u>—തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ പ്രധാനപ്പെട്ട കാർഷിക വിഭവങ്ങളുടെ കമ്പോള നിലവാര അവലോകനം എല്ലാ ഞായറാഴ്ചയും ആകാശവാണിയിലൂടെ മലയാളത്തിൽ പ്രക്ഷേപണം ചെയ്തുവരുന്നു.

<u>അരിയുടെ തുറന്ന കമ്പോള വിലയെക്കുറിച്ചുള്ള പ്രതിദിന റിപ്പോർട്ട്.</u>—എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും നിലവിലുള്ള അരിയുടെ പരസ്യ കമ്പോള വിലയെ കുറിക്കുന്ന പ്രതിദിന റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിനും സംസ്ഥാന റവന്യൂബോർഡിലെ സിവിൽ സപ്ലൈസ് അധികൃതർക്കും അയച്ചുവരുന്നു. ഇതു കൂടാതെ പാലക്കാട് കേന്ദ്രത്തിലെ അരിയുടെ പരസ്യ കമ്പോള വിലയെക്കുറിച്ചുള്ള പ്രതിവാര റിപ്പോർട്ട് തയ്യാറാക്കി റിസർവ് ബാങ്കിന് നൽകുന്നു. കൂടാതെ ഈ പദ്ധതിയനുസരിച്ച് മൊത്തവിലയെ സംബന്ധിക്കുന്ന പല വിവരങ്ങളും കേന്ദ്ര സംസ്ഥാന സ്ഥാപനങ്ങൾക്കും റിസർവ് ബാങ്കിനും ആവശ്യാനുസരണം ലഭ്യമാക്കിവരുന്നു.

അരിയുടെയും നെല്ലിൻെറയും മാർക്കററിലെ പ്രതിമാസ മൊത്തവില ശേഖരിച്ച് മദ്രാസിലെ സിവിൽസപ്ലൈസ് കൺസ്യൂമർ പ്രൊട്ടക്ഷൻ ഡിപ്പാർട്ടുമെൻറിന് അയച്ചുകൊടുക്കുന്നു.

<u>ഇൻഡക്സ് സീരീസ് വിഭാഗം (കാർഷിക ധനസംബന്ധം).</u> —ഈ വിഭാഗം താഴെപ്പറയുന്ന സൂചികകൾ തയ്യാറാക്കി വരുന്നു.

1. കാർഷിക ഉത്പന്നങ്ങളുടെ മൊത്തവില സൂചിക
2. കാർഷിക വിഭവങ്ങളിൽ നിന്നുള്ള വരുമാനവും അവയ്ക്കുവേണ്ടി വരുന്ന ചെലവും തമ്മിലുള്ള താരതമ്യ പഠന സൂചിക
3. കാർഷിക വേതന സൂചിക
4. കാർഷിക മേഖലയെ സംബന്ധിച്ച 7 സൂചികകൾ

<u>കാർഷികോൽപന്നങ്ങളുടെ മൊത്തവില സൂചിക.</u>—പ്രധാനപ്പെട്ട 17 കാർഷികോൽപ്പന്നങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള കേന്ദ്രങ്ങളിൽനിന്ന് ശേഖരിക്കുന്ന മൊത്ത വിലയെ അടിസ്ഥാനമാക്കി ഈ സൂചിക തയ്യാറാക്കി വരുന്നു. 1952-53 അടിസ്ഥാന വർഷമായി സ്വീകരിച്ചാണ് മാസംതോറും ഈ മൊത്ത വില സൂചിക തയ്യാറാക്കി വരുന്നത്.

<u>കാർഷിക വിഭവങ്ങളിൽനിന്നുള്ള വരുമാനവും അവയ്ക്കുവേണ്ടിവരുന്ന ചെലവും തമ്മിലുള്ള താരതമ്യ പഠന സൂചിക.</u>—1952-53 അടിസ്ഥാന വർഷമാക്കി കർഷകരുടെ സാമ്പത്തികനില, കാർഷികോൽപന്നങ്ങളുടെ വില,

അവയ്ക്കു വേണ്ടിവരുന്ന ചെലവുകരം, ഗാർഹിക ചെലവുകരം എന്നിവ കണക്കാക്കിയതും കർഷകരുടെ ഇപ്പോഴത്തെ സാമ്പത്തികനിലയും തമ്മിലുള്ള താരതമ്യം ഈ സൂചിക കാണിക്കുന്നു. ഇത് പ്രതിമാസ സൂചികയാണ്.

കാർഷിക വേതന സൂചിക.—സംസ്ഥാനത്തെ തെരഞ്ഞെടുത്ത വിവിധ കേന്ദ്രങ്ങളിൽനിന്നും ശേഖരിക്കപ്പെട്ടിട്ടുള്ള കാർഷിക വേതനത്തിൻെറ കണക്ക് ഇന്ത്യാ ഗവൺമെൻറിൻെറ എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് അഡൈ്വസർക്ക് അയച്ചുകൊടുക്കുകയും അതോടൊപ്പം തന്നെ കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തുവരുന്നു. കർഷകത്തൊഴിലാളികളുടേയും വിദഗ്ദ്ധ തൊഴിലാളികളുടെയും പ്രതിമാസ വേതന സൂചിക തയ്യാറാക്കി കൃത്യമായി ഇൻഡ്യാ ഗവൺമെൻറിന് അയച്ചുകൊടുത്തുവരുന്നു.

ഇവയ്ക്കുപുറമേ താഴെപ്പറയുന്ന ജോലികരംകൂടി ഈ വിഭാഗം നിർവഹിച്ചുവരുന്നു:

1. തൊണ്ടോടുകൂടിയ നാളികേരത്തിൻെറ ദൈ്വവാരത്തോട്ട വില ശേഖരിച്ച് എറണാകുളത്തുള്ള നാളികേര വികസന ബോർഡ് ചെയർമാന് അയച്ചുവരുന്നു.

2. പ്രധാനപ്പെട്ട ഒൻപത് കാർഷികോൽപന്നങ്ങളുടെ വാർഷിക ശരാശരി വില തിട്ടപ്പെടുത്തി ന്യൂഡൽഹിയിലുള്ള എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് അഡൈ്വസർക്ക് അയച്ചുകൊണ്ടിരിക്കുന്നു.

3. കയറിൻെറയും, തൊണ്ടിൻെറയും പ്രതിവാര വില തയ്യാറാക്കി എറണാകുളത്തുള്ള കയർ ബോർഡ് സെക്രട്ടറിയേയും തിരുവനന്തപുരത്തുള്ള കയർ ഡവലപ്മെൻറ് ഡയറക്ടറേയും അറിയിച്ചുവരുന്നു.

4. കയറിൻെറ തന്നെ പ്രതിമാസ വിലനിലവാരം കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി ഗവൺമെൻറ് പ്രസിലേക്ക് നൽകിവരുന്നു.

5. കാർഷിക വിഭവങ്ങളുടെ വിലവിവരങ്ങരം കോടതി നിർദ്ദേശപ്രകാരം നൽകിവരുന്നു.

6. കേന്ദ്ര സർക്കാരിൻെറ വ്യവസായ മന്ത്രാലയത്തിലെ എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് അഡൈ്വസർ പ്രസിദ്ധം ചെയ്തു വരുന്ന 1981-82 അടിസ്ഥാനവർഷമായുള്ള മൊത്തവില സൂചിക (എല്ലാ സാധനങ്ങളുടേയും) ആവശ്യപ്പെട്ടതനുസരിച്ച് സർക്കാർ, അർദ്ധ സർക്കാർ, പൊതു-സ്വകാര്യമേഖലാ സ്ഥാപനങ്ങരംക്കും വ്യക്തികരംക്കും കരാറുകരം നൽകിവരുന്നു.

7. അരി, ഗോതമ്പ്, പഞ്ചസാര എന്നിവയുടെ പ്രതിവാര കമ്പോള മൊത്തവില ശേഖരിച്ച് ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യാ റീജിയണൽ മാനേജർക്ക് ആഴ്ചതോറും അയച്ചുവരുന്നു.

8. കെ. എൽ. ആർ. ആക്ടിലെ സെക്ഷൻ 43 പ്രകാരം ജില്ലാ കളക്ടർമാരുടെ അഭ്യർത്ഥനാനുസരണം എല്ലാ താലൂക്കിലുമുള്ള പ്രധാനപ്പെട്ട കാർഷികോൽപ്പന്നങ്ങളുടെ പ്രതിമാസ ശരാശരി വില തിട്ടപ്പെടുത്തി എല്ലാ ത്രൈമാസത്തിലും സംസ്ഥാനത്തെ എല്ലാ കളക്ടർമാർക്കും നൽകിവരുന്നു.

9. ഉപ്പിന്റെ പ്രതിവാര കമ്പോള മൊത്തവിലയും ചില്ലറ വിലയും ശേഖരിച്ച് മദ്രാസിലെ ഡെപ്യൂട്ടി സാൾട്ട് കമ്മീഷണർക്കും പ്രതിമാസ ശരാശരി വില തിട്ടപ്പെടുത്തി സാൾട്ട് കമ്മീഷണർ ജയ്പൂരിന് അയച്ചു കൊടുക്കുന്നു.

10. സുഗന്ധദ്രവ്യങ്ങളുടെ പ്രതിവാര കമ്പോള ചില്ലറ വില ശേഖരിച്ച് കോഴിക്കോട്ടെ സ്പൈസസ് ഡവലപ്പ്മെൻറ് ഡയറക്ടർക്കും, എറണാകുളത്തുള്ള സ്പൈസസ് ബോർഡ് ചെയർമാനും അയച്ചുകൊടുക്കുന്നു.

കാർഷിക വിളകളുടെ ചില്ലറവില.—സംസ്ഥാനത്തെ എല്ലാ താലൂക്കുകളിൽനിന്നും പ്രധാനപ്പെട്ട 27 കാർഷിക വിഭവങ്ങളുടെ പ്രതിമാസ ചില്ലറവില ശേഖരിച്ച് ഏകീകരിച്ച് കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തൽ തുടർന്നു വരുന്നു.

ജനസംഖ്യാ പഠന വിഭാഗം:

ജനന-മരണ, സ്ഥിതി വിവരം.—സംസ്ഥാനമൊട്ടാകെയുള്ള ജനന-മരണ സ്ഥിതിവിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ജോലി റിപ്പോർട്ടുവർഷവും തുടർന്നു.

സിവിൽ രജിസ്ട്രേഷൻ വിവരങ്ങൾ ശേഖരിക്കുക, പട്ടണപ്രദേശത്തെ സ്ഥിരതാമസക്കാരുടെ ജനന-മരണ നിരക്കിൻമേലുള്ള പഠനം (സ്പോട്ട് ചെക്ക് സർവേ) മരണ കാരണം വ്യക്തമാക്കുന്നതിനുള്ള മെഡിക്കലാഫീസർമാരുടെ സർട്ടിഫിക്കററിന്മേലുള്ള പഠനം, മരണ കാരണങ്ങളെക്കുറിച്ച് ഗ്രാമപ്രദേശങ്ങളിൽ നടത്തുന്ന സർവ്വേ എന്നീ പദ്ധതികളാണ് നടപ്പുവർഷവും തുടർന്നത്. വിവിധ പ്രദേശങ്ങളിലെ ജനന-മരണ നിരക്കുകളും മരണകാരണങ്ങളും കൃത്യമായി കണ്ടുപിടിക്കുന്നതിനുവേണ്ടിയാണ് ഈ പദ്ധതികൾ നടത്തുന്നത്.

സിവിൽ രജിസ്ട്രേഷൻ.—ജനന-മരണ രജിസ്ട്രേഷൻ ആക്ട് 1969-ലെ വ്യവസ്ഥകൾക്ക് വിധേയമായി മുനിസിപ്പാലിററികളിലും കോർപ്പറേഷനുകളിലും പഞ്ചായത്തുകളിലും നിയമിച്ചിട്ടുള്ള രജിസ്ട്രാർ ജനന-മരണങ്ങൾ രജിസ്ററർ ചെയ്യുന്നു. ടി രജിസ്ട്രാർമാരിൽനിന്നും കിട്ടുന്ന മരണ വിവരങ്ങൾ അടിസ്ഥാനമാക്കി മാസംതോറും ജില്ലാ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കി രജിസ്ട്രാർ ജനറലിന് അയയ്ക്കുന്നു.

1986 മുതൽ 1988 വരെയുള്ള വർഷങ്ങളിൽ രജിസ്ററർ ചെയ്തിട്ടുള്ള ജനന-മരണങ്ങളുടെ നിരക്കുകൾ താഴെ കൊടുക്കുന്നു.

| | 1986 | | 1987 | | 1988 | |
|---|---|---|---|---|---|---|
| | ജനന നിരക്ക് | മരണ നിരക്ക് | ജനന നിരക്ക് | മരണ നിരക്ക് | ജനന നിരക്ക് | മരണ നിരക്ക് |
| ഗ്രാമപ്രദേശം | 13.54 | 3.86 | 13.19 | 4.05 | 12.96 | 4.12 |
| പട്ടണപ്രദേശം | 65.02 | 10.86 | 65.60 | 10.98 | 65.68 | 11.31 |
| സംസ്ഥാനത്താകെ | 20.26 | 4.77 | 20.01 | 4.95 | 19.80 | 5.05 |

1988-ലെ വൈററൽ സ്ററാററിസ്ററിക്സ് ബുള്ളററിൻെറ അച്ചടി നടന്നുകൊണ്ടിരിക്കുന്നു. 16-11-1992-ൽ കനകക്കുന്ന് കൊട്ടാരത്തിൽ വച്ച് നടന്ന സിവിൽ രജിസ്ട്രേഷൻ സംബന്ധിച്ച ശില്പശാലയിൽ ഈ വകുപ്പിലെ ബന്ധപ്പെട്ട ഓഫീസറൻമാർ പങ്കെടുക്കുകയും തത്സംബന്ധമായ ഒരു പ്രബന്ധം അഡീഷണൽ ഡയറക്ടർ അവതരിപ്പിക്കുകയും ചെയ്തു.

സ്പോട്ട് ചെക്ക് സർവേ.—നഗര/പട്ടണപ്രദേശത്തെ സ്ഥിര താമസക്കാർക്കുണ്ടാകുന്ന ജനന-മരണകണക്കുകൾ ശേഖരിച്ച് അവിടത്തെ സ്ഥിരവാസികളെ സംബന്ധിച്ചുള്ള നിരക്കുകൾ കൃത്യമായി കണക്കാക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണിത്. സംസ്ഥാനത്തെ 3 കോർപ്പറേഷനുകളിലും 30 മേജർ മുനിസിപ്പാലിററികളിലും ഗുരുവായൂർ ടൗൺഷിപ്പിലും ഈ സർവേ തുടർന്നുനടത്തി തെരഞ്ഞെടുത്ത വാർഡുകളിലെ വീടുകളിൽനിന്നും ശേഖരിക്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ ഓരോ പട്ടണത്തിലേയും ജനന-മരണ നിരക്കുകൾ രജിസ്ട്രേഷനിൽ വന്നിട്ടുള്ള കുറവ് ഇവ കൃത്യമായി കണക്കാക്കുന്നു.

1989-ലെ വാർഷിക റിപ്പോർട്ട് പൂർത്തിയാക്കിയിട്ടുണ്ട്.

മരണ കാരണങ്ങൾ വ്യക്തമാക്കുന്ന മെഡിക്കലാഫീസറന്മാരുടെ സർട്ടിഫിക്കററിൻമേലുള്ള പഠനം.—സംസ്ഥാനത്തെ 3 കോർപ്പറേഷനുകളിലും കൊല്ലം, ആലപ്പുഴ മുനിസിപ്പാലിററികളിലുമാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഓരോ ഡെപ്യൂട്ടി ഹെൽത്ത് ഓഫീസർമാരെ ഈ പ്രവർത്തനത്തിൻെറ മേൽനോട്ടത്തിനും മററു നിർദ്ദേശം നൽകുന്നതിനുംവേണ്ടി നിയമിച്ചിട്ടുണ്ട്.

1990-ലെ റിപ്പോർട്ട് പൂർത്തിയാക്കിയിട്ടുണ്ട്.

മരണ കാരണങ്ങളെപ്പററിയുള്ള ഗ്രാമപ്രദേശം സർവെ.—ഗ്രാമപ്രദേശങ്ങളിലുണ്ടാകുന്ന മരണകാരണങ്ങളെ അപഗ്രഥിച്ച് പഠനം നടത്തുന്നതിനുള്ള പദ്ധതിയാണിത്. വിവിധ ജില്ലകളിൽനിന്നായി തെരഞ്ഞെടുത്ത 50 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഈ പദ്ധതി നടപ്പാക്കിയിരിക്കുന്നു. ആരോഗ്യ വകുപ്പിലെ കമ്പ്യൂട്ടർ പാരാമെഡിക്കൽ വിഭാഗത്തിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ ബന്ധപ്പെട്ട മെഡിക്കലാഫീസറുടെ മേൽനോട്ടത്തിൽ സർവേയ്ക്കു വേണ്ട വിവരങ്ങൾ ശേഖരിച്ച് അയച്ചു തരുന്നു. സെൻസസ് ഡയറക്ടറേററിൽ നിന്നുള്ള സൂപ്പർവൈസർ ആരോഗ്യകേന്ദ്രങ്ങൾ സന്ദർശിച്ച് പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യുന്നു. ഈ സർവ്വേ സംബന്ധിച്ച ജോലികൾ പുതിയതായി ഏറെറടുത്തവർക്ക് അതാതു കേന്ദ്രങ്ങളിൽ ചെന്ന് സൂപ്പർവൈസർ പരിശീലനം നൽകിയിട്ടുണ്ട്. വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽനിന്നും മാസംതോറും കിട്ടുന്ന പുരോഗതി റിപ്പോർട്ട് പരിശോധിച്ച് രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കുന്നു. കൂടാതെ അർദ്ധ വാർഷിക റിപ്പോർട്ട് അയച്ചുകൊടുക്കുന്നുണ്ട്.

സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി.—സിവിൽ രജിസ്ട്രേഷൻ പദ്ധതിയിൽ സാധാരണ ഗതിയിൽ വന്നുകൂടുന്ന അപാകതകൾമൂലം കൃത്യമായ പ്രതിവർഷ ജനസംഖ്യാ വർദ്ധന കണക്കുകൾ ലഭ്യമാകാതെ വന്ന സാഹചര്യത്തിൽ ഭാരത രജിസ്ട്രാർ ജനറൽ ഒരു പൊതു നിർദ്ദേശ മാന്വലിൻെറ അടിസ്ഥാനത്തിൽ ഭാരതമൊട്ടാകെ നടപ്പാക്കി വരുന്ന ഒരു ജനസംഖ്യാ നിർണ്ണയപഠന പദ്ധതിയാണിത്. കേരളത്തിൽ 150 തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിലാണ് ഈ

പദ്ധതിപ്രകാരമുള്ള കണക്കെടുപ്പ് നടക്കുന്നത്. പ്രസ്തുത ഗ്രാമങ്ങളിൽ എന്യൂമറേറ്റർമാർ ജനനവും മരണവും കൃത്യമായി രജിസ്റ്റർ ചെയ്യുകയും മാസിക, ത്രൈമാസിക റിപ്പോർട്ടുകൾ അയച്ചുതരികയും അവയുടെ സംക്ഷേപം ഭാരത രജിസ്ട്രാർ ജനറലിന് അയച്ചു കൊടുക്കുകയും ചെയ്യുന്നു. 53-ം 54-ം അർദ്ധവാർഷിക സർവ്വേ ഫലങ്ങൾ പരിശോധിച്ച് ഭാരത രജിസ്ട്രാർ ജനറലിന് അയച്ചുകൊടുത്തു. 1990-ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി വരുന്നു. സംസ്ഥാനത്തൊട്ടാകെ 45 സാമ്പിളുകളിൽ 1990-ലെ ജനന-മരണങ്ങളുടെ കൃത്യത തിട്ടപ്പെടുത്തുന്നതിനായി ഒരു ഊർജ്ജിത അന്വേഷണ പരിപാടി ഉയർന്ന ഉദ്യോഗസ്ഥന്മാരെക്കൊണ്ട് നടത്തുകയുണ്ടായി. അതിൻപ്രകാരം 1990-ൽ നടന്ന 10 ജനനവും 3 മരണവും പുതുതായി കണ്ടെത്തുകയും ചെയ്തു.

1990-ലെ വാർഷിക റിപ്പോർട്ടിലെ ചില പ്രധാനപ്പെട്ട നിരക്കുകൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| ജനനനിരക്ക് | .. | 19.6 |
| മരണ നിരക്ക് | .. | 6.0 |
| ശിശുമരണനിരക്ക് | .. | 17.1 |

മററു സ്ഥിതിവിവരക്കണക്കുകൾ:

വ്യവസായ സ്ഥിതിവിവരക്കണക്ക് വിഭാഗം.—സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിൽ വ്യവസായത്തിന്റെ പങ്ക് വളരെ വലുതാണ്. സമ്പദ് വ്യവസ്ഥയിൽ വ്യവസായ മേഖലയുടെ ക്രമാനുഗതമായ വികസനം അതിന്റെ തോത്, മാതൃക, വേഗത എന്നിവ തിട്ടപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ച് അപഗ്രഥനം നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കുകയാണ് ഈ വിഭാഗത്തിന്റെ ചുമതല.

സംഘടിത വ്യാവസായിക മേഖലയിലെ മുടക്കുമുതൽ, വായ്പകൾ, പണിയെടുക്കുന്ന മൊത്തം തൊഴിലാളികൾ, ജീവനക്കാർ, അവരുടെ വേതനം, അസംസ്കൃത സാധനങ്ങളുടെ ഉപഭോഗം, മൊത്തം വ്യാവസായിക ഉല്പാദന മൂല്യം, അററമൂല്യം എന്നീ വിശദാംശങ്ങളെക്കുറിച്ചുള്ള പഠനമാണ് ഈ വിഭാഗം നടത്തുന്നത്.

മേൽപ്പറഞ്ഞ പഠനത്തിനാവശ്യമായ വിവരങ്ങൾ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ (ഫീൽഡ് ഓപ്പറേഷൻ വിഭാഗം) നടത്തുന്ന വാർഷിക വ്യാവസായിക സർവ്വേയുടെ പൂരിപ്പിച്ച ഷെഡ്യൂളുകളിൽനിന്നും ശേഖരിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കുന്നു.

ഈ റിപ്പോർട്ടുവർഷത്തിൽ 1986-87-ലെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുവേണ്ട നടപടികൾ എടുത്തുവരുന്നു. 1987-88, 1988-89 വർഷങ്ങളിലെ റിപ്പോർട്ടിനാവശ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

1989-90-ലെ ടാബുലേഷന്റെ പണി പൂർത്തിയായി. 1990-91-ലെ ടാബുലേഷൻ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

സംസ്ഥാന വരുമാന നിർണ്ണയ വിഭാഗത്തിനും മററും ആവശ്യമുള്ള വിവരങ്ങൾ ഈ വിഭാഗത്തിൽനിന്നും നല്കുന്നു.

തൊഴിൽ സ്ഥിതി വിവരക്കണക്കു വിഭാഗം.—1948-ലെ ഫാക്ടറി നിയമ പ്രകാരം 1989-ൽ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന ഫാക്ടറികളിൽനിന്നുള്ള വാർഷിക കണക്ക് പത്രികകളും അവയെക്കുറിച്ചുള്ള മററ് വിവരങ്ങളും ശേഖരിച്ച്, 1989-ലെ വാർഷിക റിപ്പോർട്ടും അതിനോടനുബന്ധിച്ചുള്ള മററു സ്റേററുമെൻറുകളും സിംലയിലെ ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുത്തു. പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന ഫാക്ടറികളുടെ എണ്ണം 1988-ൽ 12020 ആയിരുന്നത് 1989-ൽ 12136 ആയി വർദ്ധിച്ചിട്ടുണ്ട്.

1936-ലെ വേതന വിതരണ നിയമമനുസരിച്ച് പ്രതിമാസ വരുമാനം 1600 രൂപയിൽ താഴെ മാത്രം ലഭിക്കുന്ന ഫാക്ടറി തൊഴിലാളികൾക്ക് 1989-ൽ ലഭിച്ച വേതനത്തിൻെറ വിവരങ്ങൾ ശേഖരിച്ച് സൂക്ഷ്മ പരിശോധനയ്ക്കുശേഷം ലേബർ ബ്യൂറോയ്ക്ക് സമർപ്പിച്ചു.

ഫാക്ടറികളിലും പ്ലാൻേറഷനുകളിലും റിപ്പോർട്ട്വർഷത്തിൽ ഉണ്ടായിട്ടുള്ള പണിമുടക്ക്, ലോക്കൗട്ട് എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ജില്ലാ ലേബർ ഓഫീസുകളിൽനിന്നും ശേഖരിച്ച് ലേബർ ബ്യൂറോയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

1961-ലെ പ്രസവാനുകൂല്യനിയമപ്രകാരം ഫാക്ടറികൾ, പ്ലാൻേറഷനുകൾ മുതലായവയിൽ ജോലിചെയ്യുന്ന വനിതാ തൊഴിലാളികൾക്ക് 1990-ൽ നൽകിയ ആനുകൂല്യങ്ങളെ സംബന്ധിച്ച റിപ്പോർട്ടുകളും ബ്യൂറോയിലേക്ക് അയച്ചിട്ടുണ്ട്.

1948-ൽ ഫാക്ടറി നിയമപ്രകാരം രജിസ്ററർ ചെയ്തിട്ടുള്ളതും 1990-ൽ പ്രവർത്തനത്തിലുണ്ടായിരുന്നതുമായ ഫാക്ടറികളിൽ നിന്നും ലഭിച്ച 1990 ഒന്നാം അർദ്ധവർഷത്തിലെ റിപ്പോർട്ട് സൂക്ഷ്മ പരിശോധനയ്ക്കുശേഷം ലേബർ ബ്യൂറോയ്ക്ക് സമർപ്പിച്ചു. ഈ ഫാക്ടറികളിൽനിന്നും ലഭിച്ച 1990-ലെ വാർഷിക റിപ്പോർട്ടുകളുടെ സൂക്ഷ്മ പരിശോധന പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ 1989-ലെ വാർഷിക റിപ്പോർട്ടുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള സ്ഥിതി വിവര പട്ടികകൾ സംസ്ഥാന ആസൂത്രണബോർഡിൻെറ ആവശ്യത്തിനായി അയച്ചിട്ടുണ്ട്.

ഭവന നിർമ്മാണവും വേതന ഘടന സർവെയും.—ഭവന നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും കെട്ടിടനിർമ്മാണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെയും വാണിജ്യ വ്യാപാര മേഖലയിൽ പ്രവർത്തിയെടുക്കുന്ന ജോലിക്കാരുടെയും വേതന ഘടനയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്തും ആവശ്യാനുസരണമുള്ള പട്ടികകൾ തയ്യാറാക്കി ഭവന നിർമ്മാണ രംഗത്തെ വിവരങ്ങൾ ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുക്കുകയും വേതനഘടനയെ സംബന്ധിച്ചുള്ള വിവരങ്ങൾ ദേശീയ വരുമാന വിഭാഗത്തിനും പഠനത്തിനായി കൊടുക്കുകയും ചെയ്യുകയാണ് ഈ വിഭാഗത്തിൻെറ പ്രധാന ജോലി.

ഭവന നിർമ്മാണം.—ഇന്ത്യാ ഗവൺമെൻറിൻെറ നിയന്ത്രണത്തിലുള്ള കെട്ടിട നിർമ്മാണ സംഘടനയുടെ നിർദ്ദേശപ്രകാരം ഈ വിഭാഗം സംസ്ഥാനത്തെ കെട്ടിട നിർമ്മാണത്തിലുള്ള പുരോഗതി അവലോകനം ചെയ്യുന്നതിനുവേണ്ടിയുള്ള സ്ഥിതി വിവരക്കണക്കുകൾ പട്ടണപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും നിന്ന് ശേഖരിക്കുന്നുണ്ട്.

ഭവന നിർമ്മാണത്തിനാവശ്യമായ സാധനങ്ങളുടെ വില നിലവാരവും ജോലിക്കാരുടെ വേതന നിരക്കും സംബന്ധിച്ച വിവരങ്ങൾ എല്ലാ ജില്ലാ ആസ്ഥാനങ്ങ

ളിൽനിന്നും ബന്ധപ്പെട്ട ഇൻവെസ്ററിഗേററർ ശേഖരിച്ച് ജില്ലാ ഓഫീസർ മുഖാന്തിരം അയച്ചു തരുന്ന ത്രൈമാസിക റിപ്പോർട്ടുകൾ സൂക്ഷ്മ പരിശോധനയ്ക്കുശേഷം സംസ്ഥാനതല റിപ്പോർട്ടാക്കി ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്കും അയച്ചു കൊടുക്കുന്നു. 31-12-1992 വരെയുള്ള റിപ്പോർട്ടുകൾ ഇതിനകം അയച്ചുകഴിഞ്ഞു.

31-12-1991 വരെയുള്ള കാലഘട്ടത്തിൽ കേരളത്തിലെ വിവിധ മുനിസിപ്പാലിററികളിൽ പണിയാൻ അനുവാദം കൊടുത്ത കെട്ടിടങ്ങളുടെ കണക്കുകൾ ശേഖരിച്ച് ക്രോഡീകരിച്ച് പ്രത്യേകം പട്ടികകളാക്കി സൂക്ഷ്മപരിശോധനയ്ക്കുശേഷം ദേശീയ കെട്ടിടനിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുക്കുകയുണ്ടായി.

സംസ്ഥാനത്തെ 3 കോർപ്പറേഷനുകളിൽനിന്നും കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ഈ വിഭാഗം ശേഖരിക്കുന്നു. തിരുവനന്തപുരം കോർപ്പറേഷനിൽനിന്ന് 31-12-1989 വരേയും കൊച്ചി കോർപ്പറേഷനിൽനിന്നും 31-12-1991 വരേയും കോഴിക്കോട് കോർപ്പറേഷനിൽനിന്നും 30-6-1990 വരെയുള്ള ത്രൈമാസിക കണക്കുകൾ ശേഖരിച്ച് സൂക്ഷ്മപരിശോധനയ്ക്കുശേഷം സ്വകാര്യമേഖലയിലെ കെട്ടിടനിർമ്മാണ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പട്ടികകൾ തയ്യാറാക്കി ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

പൊതുമരാമത്തുവകുപ്പ് ഏറെറടുത്ത് നടത്തുന്നതും 50,000 രൂപയ്ക്കു മേൽ ചെലവ് ചെയ്ത് നിർമ്മിക്കുന്നതുമായ 1989-90 വരെയുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ആയവ സൂക്ഷ്മ പരിശോധനയ്ക്കുശേഷം ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് റിപ്പോർട്ടുവർഷത്തിൽ അയച്ചുകൊടുക്കുകയുണ്ടായി.

ഇതിനുപുറമേ കേരളത്തിലെ ദേശീയ കെട്ടിടനിർമ്മാണച്ചെലവിൻെറ 1991-ലേക്കുള്ള തിരുവനന്തപുരം കേന്ദ്രത്തിൻെറ സൂചിക 1971 വർഷത്തിലേത് അടിസ്ഥാനപ്പെടുത്തി റിപ്പോർട്ട് വർഷത്തിൽ തയ്യാറാക്കുകയും ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

വേതന ഘടന സർവെ.—സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും വേതന ഘടന സർവേ നടത്തുന്നുണ്ട്. നഗരങ്ങളിലേയും ഗ്രാമങ്ങളിലേയും മൊത്ത ചില്ലറ വ്യാപാര സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടേയും കെട്ടിട നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന വിവിധ വിഭാഗം തൊഴിലാളികളുടെയും വേതന നിരക്കുകൾ ശേഖരിക്കുകയാണ് ഈ സർവേയുടെ ഉദ്ദേശം. ഇപ്രകാരം ശേഖരിക്കുന്ന വിവരങ്ങൾ ദേശീയ വരുമാനം കണക്കാക്കുന്നതിന് ഉപയോഗിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങളിൽനിന്ന് ഓരോ ത്രൈമാസാന്ത്യത്തിലും ശേഖരിക്കുന്ന വേതന വിവരങ്ങൾ പരിശോധന നടത്തി ആവശ്യമായ പട്ടികകൾ ഈ വിഭാഗം തയ്യാറാക്കുന്നു. റിപ്പോർട്ടുവർഷത്തിൽ 1991-92 വർഷത്തിലെ നാല് ത്രൈമാസിക പട്ടികകൾ ഈ വിഭാഗം തയ്യാറാക്കിയിട്ടുണ്ട്.

## വ്യവസായ ഉല്പാദന സൂചിക വിഭാഗം:

വ്യവസായ ഉല്പാദന സൂചിക.—സംസ്ഥാനത്തിൻെറ വ്യവസായ വളർച്ച കണക്കാക്കുവാൻ ഈ സൂചിക സഹായിക്കുന്നു. കേരള സർക്കാരിൻെറ 24-7-1975-ലെ 280/75/പ്ലാനിംഗ് എന്ന നമ്പരിലുള്ള ഉത്തരവുപ്രകാരമാണ് ഈ സൂചിക തയ്യാറാക്കി തുടങ്ങിയത്. സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷ

നാണ് ഈ സൂചിക തയ്യാറാക്കുവാനുള്ള മാർഗനിർദ്ദേശം നല്കിക്കൊണ്ടിരിക്കുന്നത്. ത്രൈമാസ ഉല്പാദന സൂചികകൾ തയ്യാറാക്കി വാർഷിക റിപ്പോർട്ടുകളായി പ്രസിദ്ധീകരിക്കുന്നു. പൊതുസൂചിക 1970-ന് 100 എന്ന അടിസ്ഥാനത്തിലാണ്. 1975 മുതൽ ഈ സൂചിക തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്.

1988-89 മുതൽ പൊതുസൂചിക 1980-ന് 100 എന്ന അടിസ്ഥാനത്തിൽ ഉല്പാദന സൂചിക തയ്യാറാക്കി വരുന്നു.

സൂചന വർഷം 1990-91 വർഷത്തിലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

30-6-1991, 30-9-1991, 31-12-1991, 31-3-1992 എന്നീ കാലയളവിലെ ത്രൈമാസിക റിപ്പോർട്ടുകൾ ക്രോഡീകരിച്ച് വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

കയററുമതി-ഇറക്കുമതി.—കൊച്ചി തുറമുഖം വഴി വിദേശരാജ്യങ്ങളുമായി നടത്തുന്ന കയററുമതി ഇറക്കുമതിയുടെ ദൈനംദിന സ്ഥിതിവിവരക്കണക്കുകൾ കസ്ററംസ് കളക്ടർ ഓഫീസിൽ നിന്ന് ശേഖരിച്ച് ക്രോഡീകരിച്ച് വാർഷിക റിപ്പോർട്ടുകളാക്കി പ്രസിദ്ധീകരിക്കുന്നു. റിപ്പോർട്ടു വർഷത്തിൽ 1989-90-ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. 1990-91-ലെയും 1991-92-ലെയും വാർഷിക റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

വ്യവസായ ഉല്പന്ന മൊത്ത വിലനിലവാര സൂചിക.—വ്യവസായ ഉല്പന്നങ്ങളുടെ മൊത്ത വിലയിൽ ഉണ്ടായിട്ടുള്ള മാററങ്ങൾ കണക്കാക്കുവാൻ മൊത്ത വില നിലവാര സൂചിക തയ്യാറാക്കുന്നു. പ്രതിമാസ വില ശേഖരിച്ച് വാർഷിക ശരാശരി തയ്യാറാക്കി മൊത്തവില നിലവാര സൂചികയായി പ്രസിദ്ധീകരിക്കുന്നു. സംഘടിത അസംഘടിത മേഖലയിലെ വിലകൾ പ്രത്യേകം പ്രത്യേകം തയ്യാറാക്കി പ്രസിദ്ധപ്പെടുത്തി വരുന്നു. സൂചനാ വർഷം 1990-91-ലെ വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. 1991-92-ലെ മൊത്തവില നിലവാര സൂചിക ക്രോഡീകരിച്ച് തയ്യാറാക്കി പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു

ഇവാല്യുവേഷൻ വിഭാഗം.—മണ്ണു സംരക്ഷണ വകുപ്പു മുഖേന വിവിധ ജില്ലകളിൽ നടപ്പിലാക്കിയ മണ്ണു സംരക്ഷണ പദ്ധതികളുടെ ഒരു വിലയിരുത്തൽ പഠനം എല്ലാ വർഷവും നടത്തിവരുന്നു. പ്രത്യേക തൊഴിൽദാന പദ്ധതി, വായ്പാ പദ്ധതി എന്നിവ വഴി പൂർത്തീകരിച്ച പദ്ധതികളാണ് ഈ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1985-നു ശേഷം പൂർത്തീകരിച്ച പദ്ധതികളിൽനിന്നും സാമ്പിളുകൾ തെരഞ്ഞെടുത്ത് ഗുണഭോക്താക്കളിൽനിന്നും 1991-92-ലെ വിവരങ്ങൾ ശേഖരിക്കുന്നതിനായി 1992 ജൂലൈ മുതൽ സർവേ നടത്തിവരുന്നു. ഈ സർവേ 1993 ജൂണിൽ അവസാനിക്കും. 1988-89-ലെ സർവേയുടെ ടാബുലേഷൻ പൂർത്തിയായി വരുന്നു. 1986-87-ലെ കൊല്ലം ജില്ലയുടെ റിപ്പോർട്ട് അംഗീകാരത്തിനായി അയച്ചിരിക്കുന്നു.

ദേശീയ സാമ്പിൾ സർവെ.—ദേശീയ സാമ്പിൾ സർവെ ഓർഗനൈസേഷൻ ആസൂത്രണത്തിനും ഭരണപരമായ ആവശ്യങ്ങൾക്കും രാജ്യത്തിന്റെ സാമൂഹ്യ സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുന്നതിന് നടത്തിവരുന്ന സാമ്പിൾ സർവേ ഈ വർഷത്തിലും തുടരുകയുണ്ടായി. കേരളത്തിൽ തെരഞ്ഞെടുത്ത സാമ്പിളുകളിൽ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷനും (ഫീൽഡ് ഓപ്പറേഷൻ ഡിവിഷൻ) ഈ ഡയറക്ടറേററും തുല്യ സാമ്പിളുകളിൽ സർവേ നടത്തുന്നു.

1992 ജനുവരി മാസത്തിൽ ആരംഭിച്ച 48-ാമതു റൗണ്ട് സർവെ ഓരോ കുടുംബത്തിൻെറയും കൈവശമുളള ഭൂമി വളർത്തുമൃഗസമ്പത്ത്, നിക്ഷേപം, ഋണ ബാദ്ധ്യത തുടങ്ങിയവയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനുദ്ദേശിച്ചിട്ടുളളതാണ് ഈ സർവേ. 1992 ഡിസംബർ 31-ന് പൂർത്തിയായി.

1993 ജനുവരി മുതൽ ആരംഭിച്ചിട്ടുള്ള 49-ാമതു റൗണ്ടു സർവേ ഭവന സ്ഥിതി, കുടിയേററം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. ചേരി പ്രദേശങ്ങൾക്കു പ്രത്യേക പരിഗണന നല്കിക്കൊണ്ടാണ് ഈ സർവേ നടത്തുന്നത്. ഇതുകൂടാതെ പ്രതിമാസ ഗാർഹിക ചെലവുകളെ സംബന്ധിച്ച വിവരങ്ങളും ശേഖരിക്കുന്നുണ്ട്. ഈ സർവേയുടെ കാലാവധി 1993 ജനുവരി മുതൽ ജൂൺ മാസം വരെയാണ്.

ഗ്രാമപ്രദേശങ്ങളിൽ 204 സാമ്പിളുകളിലും പട്ടണപ്രദേശങ്ങളിൽ 92 സാമ്പിളുകളിലും ഈ സർവേ നടത്തുന്നുണ്ട്. തുല്യ സാമ്പിളുകളിൽ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷനും ഈ കാലയളവിൽ തന്നെ സർവേ നടത്തുന്നു.

40-ാമതു റൗണ്ട് സർവേയുടെ ടാബുലേഷൻ ജോലികൾ പൂർത്തിയായി വരുന്നു. 48-ാമതു റൗണ്ട് സർവേയുടെ ആദ്യ സാമ്പിളുകളുടെ പരിശോധന കഴിഞ്ഞ് ഷെഡ്യൂളുകൾ ജില്ലകളിലേക്ക് അയച്ചു.

43-ാമത് റൗണ്ട് സർവേയുടെ ഷെഡ്യൂളുകൾ പരിശോധന കഴിഞ്ഞു കമ്പ്യൂട്ടറിൽ ഡേററകൾ എൻട്രി ചെയ്തു വരുന്നു. മററു ടാബുലേഷൻ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

സർവ്വീസ് വിഭാഗങ്ങൾ:

മെക്കാനിക്കൽ ടാബുലേഷൻ യൂണിററ്.—1992-93 വർഷത്തിൽ ഈ യൂണിററ് പഞ്ചായത്തു തലത്തിലുള്ള ജനന മരണസ്ഥിതി വിവരപട്ടികകൾ തയ്യാറാക്കുന്ന ജോലി ചെയ്തിട്ടുണ്ട്. 1989-ലെ പഞ്ചായത്തു തലത്തിലുള്ള പട്ടികകൾ തയ്യാറാക്കി കഴിഞ്ഞു. 1990-ലെ പഞ്ചായത്തുതലത്തിലുള്ള പട്ടിക തയ്യാറാക്കുന്ന ജോലി ആരംഭിച്ചു കഴിഞ്ഞു.

പ്ലാനിംഗ് വിഭാഗം.—സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുന്നതിനായി ഈ വകുപ്പ് ഏറെറടുത്തു നടത്തുവാൻ ഉദ്ദേശിക്കുന്ന "പ്ലാൻ" പദ്ധതികൾ തയ്യാറാക്കി സർക്കാരിനു സമർപ്പിക്കുകയും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്ത് പ്രതിമാസ, ത്രൈമാസിക റിപ്പോർട്ടുകൾ തയ്യാറാക്കി അവ യഥാക്രമം കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് നല്കുക എന്നിവയാണ് ഈ വിഭാഗത്തിൻെറ പ്രധാനജോലി.

1992-93 വർഷത്തെ ബഡ്ജററിൽ ഈ വകുപ്പിലേക്ക് ഉൾക്കൊളളിച്ചിട്ടുളള പദ്ധതികൾ താഴെ ചേർക്കുന്നു. ബഡ്ജററിൽ വക കൊള്ളിച്ചിരിക്കുന്ന തുക (ലക്ഷത്തിൽ) ബ്രാക്കററിൽ കൊടുത്തിരിക്കുന്നു.

1. സംഗണക വിഭാഗം ശക്തിപ്പെടുത്തുന്നതിന് (4.00)
2. വാഹനങ്ങൾ വാങ്ങുന്നതിന് (4.00)

3. സ്ഥിതി വിവരക്കണക്കു വകുപ്പിലെ ഉദ്യോഗ സ്ഥൻമാർക്ക് പരിശീലനം നല്കുന്ന പദ്ധതി (2.00)
4. സർവേയും പഠനങ്ങളും (20.00)
5. അതാതു കാലത്തെ കാർഷിക സ്ഥിതി വിവര കണക്കുകൾ റിപ്പോർട്ടു ചെയ്യുന്നതിനുള്ള സർവേ (ഇറാസ്) ഈ. എ. ആർ. എസ്) (50% കേന്ദ്ര സഹായം) (230.00)
6. സാമ്പത്തിക സെൻസസ് (100% കേന്ദ്രസഹായം) (5.00)
7. ചെറുകിട ജലസേചനങ്ങളെക്കുറിച്ച് യുക്തമായി സമർപ്പിക്കുന്ന സ്ഥിതി വിവരക്കണക്കുകൾ (100% കേന്ദ്ര സഹായം) (4.00)
8. കാർഷിക സെൻസസ് (100% കേന്ദ്രസഹായം) (27.00)

ഈ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് സാങ്കേതിക പരിശീലനം ലഭിക്കുന്നതിനുവേണ്ടി വിവിധ പരിശീലന കേന്ദ്രത്തിലേക്ക് തെരഞ്ഞെടുത്ത് അയയ്ക്കുന്ന ജോലിയും ഈ വിഭാഗമാണ് നിർവഹിക്കുന്നത്. നടപ്പു സാമ്പത്തിക വർഷത്തിൽ (1992-93) 23 ഉദ്യോഗസ്ഥന്മാരെ ഇൻസ്ററിററ്യൂട്ട് ഓഫ് മാനേജ്മെൻറിൻെറ തിരുവനന്തപുരത്തും വിവിധ റീജിയണൽ സെൻററുകളിലും കൂടാതെ രണ്ടു അഡീഷണൽ ഡയറക്ടർമാരെ സംസ്ഥാനത്തിനു പുറത്തും പരിശീലനത്തിനായി നിയോഗിക്കുകയുണ്ടായി.

ഔദ്യോഗിക ഭാഷാവിഭാഗം.—ഭരണതലത്തിൽ ഔദ്യോഗിക ഭാഷ മലയാളമാക്കുക എന്ന സർക്കാരിൻെറ നയം ഈ വകുപ്പിൽ നടപ്പിലാക്കുകയും പുരോഗതി വിലയിരുത്തുകയുമാണ് ഈ വിഭാഗത്തിൻെറ പ്രധാന ചുമതല.

ഇവയെ സംബന്ധിച്ച സർക്കാരിൻെറ ഭാഗത്തുനിന്നുള്ള നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ ഡിപ്പാർട്ടുമെൻറിൻെറ വിവിധ തലങ്ങളിൽ എത്തിക്കുകയും താലൂക്ക് ജില്ലാ സംസ്ഥാന തലത്തിൽ അവലോകനം നടത്തി, വിവിധ തലങ്ങളിൽ ഔദ്യോഗിക ഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ഗവൺമെൻറിന് സമർപ്പിക്കുകയും ചെയ്യുന്നു.

ഈ വകുപ്പ് ഒരു സാങ്കേതിക വകുപ്പ് ആയതിനാൽ പൂർണ്ണമായും മലയാളത്തിലാക്കുവാൻ ബുദ്ധിമുട്ടുണ്ട്.

ഏകോപന സമിതി വിഭാഗം.—വിവിധ വകുപ്പുകളിൽ പ്രവർത്തിക്കുന്ന സ്ററാററിസ്ററിക്കൽ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുകയാണ് ഈ വിഭാഗത്തിൻെറ പ്രധാന ചുമതല.

കാലാകാലങ്ങളിൽ പ്രസ്തുത വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന സെല്ലുകളെ ഏകോപിച്ച് യോഗങ്ങൾ സംഘടിപ്പിച്ച് അവരുടെ പ്രവർത്തനങ്ങളെ വിലയിരുത്തുക, നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് സെല്ലുകളുടെ ഭാവി പ്രവർത്തനങ്ങൾ ശക്തമാക്കുകയും ചെയ്യുന്നു.

പ്രസിദ്ധീകരണ വിഭാഗം.—ഈ വകുപ്പിൽ നടത്തുന്ന സർവെകളും പഠനങ്ങളും റിപ്പോർട്ടുകളും പ്രസിദ്ധീകരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക എന്ന പ്രധാനജോലിയാണ് ഈ വിഭാഗത്തിന്റേത്. സ്ഥിതി വിവരക്കണക്കുകൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ഈ വിഭാഗത്തിന്റെ ചുമതലയിൽപ്പെടുന്നു.

സർവേകൾക്ക് ആവശ്യമായ ഫാറങ്ങൾ ജില്ലകളിൽ എത്തിക്കുകയും പൂരിപ്പിച്ച ഫാറങ്ങൾ ഹെഡ് ഓഫീസിൽ എത്തിക്കുകയുമാണ് മറെറാരു ജോലി. ഈ വകുപ്പിനോടനുബന്ധിച്ച് ഒരു റോട്ടാ പ്രസ്സും പ്രവർത്തിക്കുന്നു. ഈ വിഭാഗത്തിൽ നിന്നും താഴെ പറയുന്ന റിപ്പോർട്ടുകൾ 1992-93 വർഷത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.

1. റിപ്പോർട്ട് ഓൺ കോസ്ററ് ഓഫ് കൾട്ടിവേഷൻ ഓഫ് ഇംപോർട്ടൻറ് ക്രോപ്സ് ഇൻ കേരള 1989-90.
2. മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കാസ് ഓഫ് ഡത്ത്.
3. ആനുവൽ റിപ്പോർട്ട് ഓൺ സാമ്പിൾ രജിസ്ട്രേഷൻ സ്കീം 1989.
4. സീസൺ ആൻറ് ക്രോപ്പ് റിപ്പോർട്ട് ഓഫ് കേരള 1986-87.
5. സീസൺ ആൻറ് ക്രോപ്പ് റിപ്പോർട്ട് ഓഫ് കേരള 1987-88.
6. കേരള അററ് എ ഗ്ളാൻസ്.
7. അഗ്രികൾച്ചറൽ സ്ററാററിസ്ററിക്സ് ഓഫ് കേരള 1989-90.
8. എക്കണോമിക്സ് ആൻറ് പർപ്പസ്—ക്ലാസിഫിക്കേഷൻ ഓഫ് ദി ബഡ്ജററ് ഓഫ് മുനിസിപ്പാലിററീസ് ആൻറ് സിററി കോർപ്പറേഷൻസ് ഇൻ കേരള 1982-83, 1985-86.
9. ആനുവൽ സർവ്വേ ഓഫ് ഇൻഡസ്ട്രീസ് 1986-87.

## 1992-93-ലെ പദ്ധതി–പദ്ധതി ഇതര ചെലവുകളുടെ വിവരങ്ങൾ

പ്ലാൻസ്കീം

| | രൂപ |
|---|---|
| ടി. ആർ. എസ്. (50% കേ:സ:) | 2,57,73,001 |
| കുരുമുളക് സർവേ (100% കേ:സ:) | 3,000 |
| എക്കണോമിക്സ് സെൻസസ് (100% കേ:സ:) | 4,33,490 |
| നാഷണലൈസേഷൻ ഓഫ് മൈനർ ഇറിഗേഷൻ | 4,16,800 |
| കമ്പ്യൂട്ടർ ഡിവിഷൻ സ്ഥാപിക്കുന്നതിന് | 99,671 |
| വണ്ടി വാങ്ങുന്നതിന് | 2,23,741 |
| ട്രെയിനിംഗ് പ്രോഗ്രാം | 67,902 |
| അഗ്രി:സെൻസസ് (100% കേ:സ:) | 13,27,175 |
| കേന്ദ്രസഹായം | 2,83,44,780 |

നോൺ പ്ലാൻ സ്കീം

| | രൂപ |
|---|---|
| സ്റേററ് ഇൻകം യൂണിററ് | 3,89,267 |
| ഇവാല്യൂ വേഷൻ | 6,09,042 |
| മുനിസിപ്പൽ പ്രദേശം ജനന മരണ സംബന്ധമായ വിവരങ്ങൾ ശക്തിപ്പെടുത്തുന്നതിന് | 17,10,685 |
| ബി. ഇ. എസ്. | 2,41,80,178 |
| എൻ. എസ്. എസ് | 18,71,463 |
| സർവേയും പഠനങ്ങളും | 13,89,129 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവര ശേഖരണം ശരിപ്പെടുത്തുന്നതിന് | 25,39,625 |
| ഹൗസിംഗ് സ്ററാററിസ്ററിക്കൽ സെൽ | 3,88,548 |
| ഇവാല്യൂവേഷൻ പ്രോഗ്രാം ഓഫ് സോയിൽ കൺസർവേഷൻ | 2,71,711 |
| ഇൻഡസ്ട്രിയൽ സ്ററാററിസ്ററിക്കൽ യൂണിററ് | 1,61,353 |
| ആകെ | 3,35,11,001 |
| ആകെ (പ്ലാൻ + നോൺപ്ലാൻ) | 6,18,55,781 |

308